www.societytodaynews.com

2024 OCTOBER
04
FRIDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# യുദ്ധഭീതി: ഓഹരികളിൽ വീഴ്ച, സെൻസക്സ് 1,200 പോയിന്റ് ഇടിഞ്ഞു



**മുംബൈ:** പ്രതീക്ഷിച്ചതുപോലെ ഇന്ത്യൻ ഓഹരി വിപണിയിലും അലയടിച്ച് യുദ്ധപ്പേടി. സെൻസെക്സും നിഫ്റ്റിയും ഇന്ന് വ്യാപാരം ആരംഭിച്ചപ്പോൾ തന്നെ ഒരു ശതമാനത്തിലധികം ഇടിഞ്ഞു. ഒരുവേള 1,200 പോയിന്റിലധികം നഷ്ടം നേരിട്ട സെൻസെക്സ് വ്യാപാരം ആദ്യ മണിക്കൂർ പിന്നിട്ടപ്പോഴേക്കുമുള്ളത് 899 പോയിന്റ് (1.07%) താഴ്ന്ന് 83,367ൽ.

ജെഎസ്ഡബ്ല്യു സ്റ്റീൽ, ടാറ്റാ സ്റ്റീൽ, അൾട്രടെക് സിമന്റ്, എസ്ബിഐ, സൺ ഫാർമ എന്നിവ മാത്രമാണ് സെൻസെക്സിൽ വീഴാതെ പിടിച്ചുനിന്നത്. 0.18 മുതൽ 2.71% വരെയാണ് ഇവയുടെ നേട്ടം. ഏഷ്യൻ പെയിന്റ്സ് 3.67% ഇടിഞ്ഞ് നഷ്ടത്തിൽ മുന്നിലെത്തി. ടാറ്റാ മോട്ടോഴ്സ്, ആക്സിസ് ബാങ്ക്, എൽ ആൻഡ് ടി, മാരുതി സുസുക്കി, ഐസിഐസിഐ ബാങ്ക്, കൊട്ടക് ബാങ്ക് തുടങ്ങിയവ 12.4% ഇടിഞ്ഞു.

ബിഎസ്ഇയിൽ 3,815 ഓഹരികൾ വ്യാപാരം ചെയ്യുന്നതിൽ 1,201 എണ്ണം മാത്രമാണു നേട്ടത്തിലുള്ളത്. 2,454 ഓഹരികൾ ചുവന്നു. 145 ഓഹരികളുടെ വില മാറിയിട്ടില്ല. ബിഎസ്ഇയിലെ ലിസ്റ്റഡ് കമ്പനികളുടെ സംയോജിത വിപണിമൂല്യത്തിൽനിന്ന് ഇന്നു വ്യാപാരത്തുടക്കത്തിൽ ആറു ലക്ഷം കോടി രൂപ കൊഴിഞ്ഞുപോയിരുന്നു. നിലവിൽ നഷ്ടം 4.88 ലക്ഷം കോടി രൂപയായി കുറഞ്ഞിട്ടുണ്ട്.

പശ്ചിമേഷ്യയിൽ ഇറാൻഇസ്രയേൽ സംഘർഷം കനക്കുന്നതും ക്രൂഡ് ഓയിൽ വില കുതിച്ചുകയറിയതുമാണ് ഓഹരി വിപണിക്കു തിരിച്ചടിയായത്. പുറമേ വിദേശ ധനകാര്യ സ്ഥാപനങ്ങൾ (എഫ്ഐഐ) ചൈനീസ് ഓഹരികളോടു താൽപര്യം കാട്ടുന്നതും വലയ്ക്കുന്നു. കഴിഞ്ഞമാസത്തെ വാഹന വിൽപനക്കണക്ക് നിരാശപ്പെടുത്തിയത്, ഈ വിഭാഗത്തെ കമ്പനികളുടെ ഓഹരികൾക്കും ക്ഷീണമായി.

വിശാല വിപണിയിൽ നിഫ്റ്റി മെറ്റൽ (+0.42%), ഫാർമ (+0.03%) എന്നിവയൊഴികെ മറ്റെല്ലാ വിഭാഗങ്ങളും ചുവന്നു. നിഫ്റ്റി റിയൽറ്റി 2.63% നഷ്ടത്തിലായി. കഴിഞ്ഞപാദത്തിലെ മോശം വിൽപനക്കണക്കുകളും റിയൽറ്റിക്ക് തിരിച്ചടിയാണ്. ഓട്ടോ, ഫിനാൻഷ്യൽ സർവീസസ്, എഫ്എംസിജി, ഐടി, പ്രൈവറ്റ് ബാങ്ക്, ഓയിൽ ആൻഡ് ഗ്യാസ് എന്നിവ 0.8 മുതൽ ഒന്നര ശതമാനം വരെ താഴ്ന്നു.

ബാങ്ക് നിഫ്റ്റി 1.17% താഴേക്കിറങ്ങി. അതേസമയം, ഇന്ത്യൻ ഓഹരി സൂചികകളിൽ സമ്മർദ്ദം ശക്തമാണെന്നും ചാഞ്ചാട്ടം തുടരുമെന്നും സൂചിപ്പിക്കുന്ന സൂചികയായ ഇന്ത്യ വിക്സ് 7.36% നേട്ടത്തിലാണുള്ളത്. നിക്ഷേപകർക്കിടയിൽ ആശങ്കയുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു.

നിഫ്റ്റി50ൽ 40 ഓഹരികളും നഷ്ടത്തിലാണ്. ഒൻപത് ഓഹരികൾ നേട്ടത്തിലും ഒരു ഓഹരി വിലയിൽ മാറ്റമില്ലാതെയും വ്യാപാരം ചെയ്യുന്നു. 2.34% ഉയർന്ന് ജെഎസ്ഡബ്ല്യു സ്റ്റീൽ നേട്ടത്തിലും 4.23% ഇടിഞ്ഞ് ഐഷർ മോട്ടോഴ്സ് നഷ്ടത്തിലും ഒന്നാംസ്ഥാനത്തുണ്ട്.

കോർപ്പറേറ്റ് കമ്പനികൾ കഴിഞ്ഞപാദ പ്രവർത്തനഫലങ്ങളും ബാങ്കിങ് സ്ഥാപനങ്ങൾ ബിസിനസ് അപ്ഡേറ്റുകളും പുറത്തുവിട്ടു തുടങ്ങുമെന്നതും നിക്ഷേപകരെ സമ്മർദ്ദത്തിലാക്കുകയാണ്.



## എയർ കേരള പ്രവർത്തനം അടുത്ത ഘട്ടത്തിലേക്ക്; രണ്ട് വൈസ് പ്രസിഡൻറുമാരെ നിയമിച്ചു

**ദുബായ്:** പ്രവാസി മലയാളികൾക്ക് പ്രതീക്ഷ പകർന്ന് പ്രവർത്തനം തുടങ്ങിയ എയർ കേരള, ഓപ്പറേഷൻസ്, സുരക്ഷ തുടങ്ങിയ വിഭാഗങ്ങളിലെ പ്രധാന പദവികളിൽ വ്യോമയാന വിദഗ്ധരെ നിയമിച്ചു. ഇന്ത്യൻ പൈലറ്റ്സ് ഫെഡറേഷൻ പ്രസിഡൻറായ ക്യാപ്റ്റൻ സി.എസ്. രൺധാവയെ ഓപ്പറേഷൻസ് വൈസ് പ്രസിഡൻറായും, ക്യാപ്റ്റൻ അശുതോഷ് വസിഷ്ഠിനെ സെക്യൂരിറ്റി വൈസ് പ്രസിഡൻറായുമാണ് നിയമിച്ചത്. കഴിഞ്ഞ മാസം ഹരീഷ് കുട്ടിയെ എയർ കേരള സിഇഒ ആയി പ്രഖ്യാപിച്ചിരുന്നു.

48 വർഷത്തെ പരിചയസമ്പത്തുള്ള ക്യാപ്റ്റൻ സി.എസ്. രൺധാവ ഇന്ത്യൻ എയർഫോഴ്സിൻറെ എ2 ക്വാളിഫൈഡ് ഫ്ലൈയിംഗ് ഇൻസ്ട്രക്ടറാണ്. എയർ ഇന്ത്യയുടെ ജോയിൻറ് ജനറൽ മാനേജർ, ഡിജിസിഎയിലെ ഡെപ്യൂട്ടി ചീഫ് ഫ്ലൈറ്റ് ഓപ്പറേഷൻസ് ഇൻസ്പെക്ടർ തുടങ്ങിയ ഉന്നത സ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ക്യാപ്റ്റൻ രൺധാവ ബോയിങ് 777, എയർബസ് 310 എന്നിവ അടക്കമുള്ള വിമാനങ്ങളിൽ വൈദഗ്ധ്യം നേടിയിട്ടുള്ള ഉദ്യോഗസ്ഥനാണ്.

ക്യാപ്റ്റൻ അശുതോഷ് വസിഷ്ഠ് ഇന്ത്യൻ സേനയിലെ സേവനത്തിന് ശേഷം ഇപ്പോൾ വ്യോമയാന സുരക്ഷാ മേഖലയിലാണ് പ്രവർത്തിക്കുന്നത്. എയർപോർട്ട് സുരക്ഷാ മാനേജ്മെൻറ്, ദേശീയ പരിശോധന, ഓഡിറ്റിങ് എന്നിവയിൽ വിദഗ്ധനാണ്. ഇൻറർനാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷൻ (ഐകാവോ) നൽകുന്ന പ്രഥമ ശ്രേണിയിലെ എവിഎസ്ഇസി പിഎംസി സർട്ടിഫിക്കേഷൻ നേടിയ ഏക ബിസിഎഎസ് ഉദ്യോഗസ്ഥനെന്ന പ്രത്യേകതയും അദ്ദേഹത്തിനുണ്ട്.

ക്യാപ്റ്റൻ രൺധാവയുടെയും ക്യാപ്റ്റൻ വസിഷ്ഠിൻറെയും അനുഭവസമ്പത്തും പ്രതിബദ്ധതയും എയർ കേരളയുടെ സുരക്ഷാ, പ്രവർത്തന നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുമെന്ന് എയർ കേരള ചെയർമാൻ അഫി അഹമ്മദ് പറഞ്ഞു.

ഇവരുടെ പങ്കാളിത്തം എയർ കേരളയെ പുതിയ ഉയരങ്ങളിൽ എത്തിക്കുമെന്ന് വൈസ് ചെയർമാൻ അയൂബ് കല്ലട വ്യക്തമാക്കി.

## ഇസ്രയേൽ വ്യോമാക്രമണത്തിൽ ഹമാസ് നേതാവ് കൊല്ലപ്പെട്ടു

**ജറുസലം:** വെസ്റ്റ് ബാങ്കിനു സമീപം തുൽകർമിൽ നടത്തിയ വ്യോമാക്രമണത്തിൽ ഹമാസ് നേതാവ് സാഹി യാസർ അബ്ദേൽ റാസഖ് കൊല്ലപ്പെട്ടെന്ന് ഇസ്രയേൽ സൈന്യം. തുൽകർമിലെ അഭയാർഥി ക്യാംപിനുനേരെ സൈന്യം ആക്രമണം നടത്തിയതായി നേരത്തെ ഇസ്രയേൽ സൈന്യം പ്രസ്താവനയിൽ സ്ഥിരീകരിച്ചിരുന്നെങ്കിലും കൂടുതൽ വിവരങ്ങൾ പുറത്തുവിട്ടിരുന്നില്ല.തുൽകർമിൽ അഭയാർഥി ക്യാംപിനു നേരെയുണ്ടായ ആക്രമണത്തിൽ 18 പേർ കൊല്ലപ്പെട്ടെന്ന് പലസ്തീൻ ആരോഗ്യ മന്ത്രാലയം അറിയിച്ചു. ആക്രമണം അവസാനിപ്പിക്കാൻ രാജ്യാന്തര ഇടപെടൽ അടിയന്തരമായി ഉണ്ടാകണമെന്ന് പലസ്തീൻ ആവശ്യപ്പെട്ടു. ആക്രമണം ആർക്കും സുരക്ഷയും സ്ഥിരതയും നൽകില്ലെന്നും മേഖലയെ കൂടുതൽ സംഘർഷഭരിതമാക്കുമെന്നും പലസ്തീൻ വ്യക്തമാക്കി. അതേസമയം, ലബനനിൽ കഴിഞ്ഞ 24 മണിക്കൂറിനിടെ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ 37 കൊല്ലപ്പെട്ടെന്നും 151 പേർക്ക് പരുക്കേറ്റെന്നും ലബനൻ ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഹിസ്ബുല്ലയുടെ മുതിർന്ന നേതാവ് ഹാഷിം സഫിയെദ്ദീനെ ലക്ഷ്യമിട്ടാണെന്ന് ബെയ്റൂട്ടിൽ ഇസ്രയേൽ ആക്രമണം നടത്തിയതെന്ന് ഇസ്രയേൽ സൈന്യത്തെ ഉദ്ധരിച്ച് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.






കലൂർ പാവക്കുളം വി.എച്ച്.പി കാര്യാലയത്തിൽ നടന്ന ലീഗൽ സെൽ സംസ്ഥാന സമിതി രൂപീകരണ യോഗം വിശ്വ ഹിന്ദു പരിഷത്ത് ലീഗൽ സെൽ ദേശീയ ജോയിന്റ് കൺവീനർ അഡ്വ.സു ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യുന്നു.

# സൗജന്യ നിയമ സഹായവുമായി വിശ്വ ഹിന്ദു പരിഷത്ത്

**കൊച്ചി:** സൗജന്യ നിയമ സഹായം നൽകുന്നതിന് വിശ്വ ഹിന്ദു പരിഷത്ത് ലീഗൽ സെല്ല് രൂപീകരിച്ചു. പാവക്കുളം വി.എച്ച്.പി കാര്യാലയത്തിൽ നടന്ന ലീഗൽ സെൽ സംസ്ഥാന സമിതി രൂപീകരണ യോഗം വിശ്വ ഹിന്ദു പരിഷത്ത് ലീഗൽ സെൽ ദേശീയ ജോയിന്റ് കൺവീനർ അഡ്വ.സു ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു. ഹൈന്ദവ സമുദായത്തിലെ സാധാരണക്കാർ അടക്കം ക്ഷേത്രങ്ങളും സ്ഥാപനങ്ങളുമെല്ലാം സാമ്പത്തിക പ്രതിസന്ധി മൂലം പ്രത്യേക സാഹചര്യങ്ങളിൽ നിയമപരമായ നടപടികളുമായി മുന്നോട്ടു പോകാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ബോധ്യപ്പെട്ടതിനെ തുടർന്നാണ് സൗജന്യ നിയമസഹായം നൽകാനുള്ള സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചതെന്ന് അഡ്വ.സു ശ്രീനിവാസൻ പറഞ്ഞു. സാധാരണ ഹിന്ദുക്കളും ഹിന്ദു ക്ഷേത്രങ്ങളും സ്ഥാപനങ്ങളും നിയമപരമായ ധാരാളം പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്. ഇതിനു പരിഹാരമായി അർഹമായ കേസുകളിൽ അർഹരായ വ്യക്തികൾക്ക് സൗജന്യ നിയമസഹായം നൽകാൻ സംഘടന തയ്യാറാണ്. ഇതിനു വേണ്ടി സൗജന്യ ടോൾ നമ്പർ വഴി അഭിഭാഷകരുടെ സേവനം ഉറപ്പു വരുത്തുമെന്നും അദ്ദേഹം പറഞ്ഞു. ബാർ കൗൺസിൽ ഓഫ് ഇന്ത്യ മുൻ ചെയർമാനും സുപ്രീം കോടതി സീനിയർ അഭിഭാഷകനുമായ അഡ്വ ഡോ. എസ്. ഗോപകുമാരൻ നായർ മുഖ്യപ്രഭാഷണം നടത്തി. അഡ്വ പ്രിയകുമാർ അധ്യക്ഷത വഹിച്ചി. വി.എച്ച്.പി ക്ഷേത്രീയ സംഘടനാ സെക്രട്ടറി കേശവരാജു, അഡ്വ അനിൽ വിളയിൽ, അഡ്വ എസ്. പ്രശാന്ത്, അഡ്വ രശ്മി വർമ്മ, അഡ്വ പി.ടി ബിന്ദുരാജ് തുടങ്ങിയവർ സംസാരിച്ചു.

# ദേശീയ രക്തദാന വാരാചരണ സമാപനം ഒക്ടോബർ ഏഴിന്

**കൊച്ചി :** ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദേശീയ രക്തദാന വാരാചരണ ആഘോഷത്തിന്റെ സമാപനം ഒക്ടോബർ ഏഴിന് കലൂർ ഐഎംഎ ഹൗസിൽ നടക്കും. രാവിലെ 10 ന് നടക്കുന്ന സമാപന സമ്മേളനം എറണാകുളം ബന്നി ബഹനാൻ എം.പി ഉദ്ഘാടനം ചെയ്യും. അവാർഡുകളുടെ വിതരണവും ചടങ്ങിൽ നിർവ്വഹിക്കും. ഐ.എ ഒ.എ ബ്ലഡ് ബാങ്ക് കൊച്ചി ചെയർമാൻ ഡോ. കെ. നാരായണൻ കുട്ടി അധ്യക്ഷത വഹിക്കും. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ്ബ് അബ്രാഹം മുഖ്യപ്രഭാഷണം നടത്തും. ഐ.എ ഒ.എ ബ്ലഡ് ബാങ്ക് സെക്രട്ടറി ഡോ. എം.ഐ ജുനൈദ് റഹ്മാൻ, മെഡിക്കൽ ഓഫീസർ ഡോ. രമ മേനോൻ, പോപ്പുലർ വെഹിക്കിൾസ് ലിമിറ്റഡ് പ്രൊജക്ട്സ് പ്ലാനിംഗ് ആന്റ് ഡെവലപ്മെന്റ്സ് വൈസ് പ്രസിഡന്റ് സോമി കെ. ചെറുവത്തൂർ, ഡോ.എൻ. വിജയകുമാർ, പ്രകാശ് അയ്യർ, പി.ആർ ഉണ്ണികൃഷ്ണൻ പിള്ള, ഡോ. എം.നാരായണൻ തുടങ്ങിയവർ സംസാരിക്കും.

# സുധീന്ദ്ര ആശുപത്രിയിൽ സൗജന്യമെഡിക്കൽ ക്യാമ്പുകൾ

**കൊച്ചി:** ശ്രീമദ് സുധീന്ദ്രതീർത്ഥ സ്വാമികളുടെ നൂറാം ജന്മദിനാഘോഷത്തിന്റെ ഭാഗമായി ശ്രീസുധീന്ദ്രമെഡിക്കൽ മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ ഈ മാസം (ഒകോടബർ) കേൾവി തകരാർ, ത്വക്ക് രോഗം, അർബുദം എന്നിവയ്ക്കായി സൗജന്യ രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കും.

ഒക്ടോബർ ആറിന് കേൾവി പരിശോധന, 20 ന് ത്വക്ക് രോഗ നിർണ്ണയം, 27 ന് അർബുദരോഗ നിർണ്ണയം എന്നിങ്ങനെയാണ് ക്യാമ്പുകൾ നടക്കുന്നത്. വിദഗ്ദ ഡോക്ടർമാരുടെ നേതൃത്വത്തിൽ രാവിലെ ഒമ്പതു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെയാണ് ക്യാമ്പുകൾ.

പങ്കെടുക്കുന്നവർക്ക് പരിശോധന കൂടാതെ സൗജന്യനിരക്കിൽ ശസ്ത്രക്രിയയും മറ്റു പരിശോധനകളും ചെയ്തു കൊടുക്കും. കൂടുതൽ വിവരങ്ങൾക്ക് 04844077400, 7025350481 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം




ഐ.എം.എ കൊച്ചിയുടെ നേതൃത്വത്തിലുള്ള അരികെ പാലിയേറ്റീവ് കെയറിന് ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ മുഖേന കൈമാറിയ എം.ജി.കോമെറ്റ് ഇലക്ട്രിക് കാറിന്റെ ഫ്ളാഗ് ഓഫ് ഐ.എം.എ ഹൗസിൽ ഫെഡറൽ ബാങ്ക് റീജിയണൽ മേധാവിയും വൈസ് പ്രസിഡന്റുമായ ടി.എസ് മോഹൻദാസ് ഐ.എം.എ ഹൗസ് ചെയർമാൻ ഡോ.വി പി കുര്യൈപ്പ് എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു.

# അരികെ പാലിയേറ്റീവ് കെയറിന് ഫെഡറൽ ബാങ്ക് വാഹനം കൈമാറി

**കൊച്ചി :** ഐ.എം.എ കൊച്ചിയുടെ നേതൃത്വത്തിലുള്ള അരികെ പാലിയേറ്റീവ് കെയറിന് ഫെഡറൽ ബാങ്ക് വാഹനം കൈമാറി. അരികെയുടെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ മുഖേന എം.ജി.കോമെറ്റ് ഇലക്ട്രിക് കാർ കൈമാറിയത്.

കൊച്ചി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച ചടങ്ങിൽ ഫെഡറൽ ബാങ്ക് റീജിയണൽ മേധാവിയും വൈസ് പ്രസിഡന്റുമായ ടി.എസ് മോഹൻദാസ് ഐഎംഎ ഹൗസ് ചെയർമാൻ ഡോ.വി പി കുര്യൈപ്പ് എന്നിവർ ചേർന്ന് ഫ്ളഗ് ഓഫ് ചെയ്തു.

അരികെ പാലിയേറ്റീവ് കെയർ ചെയർമാൻ ഡോ.എം.ഐ ജുനൈദ് റഹ്മാൻ, ഐ.എം.എ കൊച്ചി സെക്രട്ടറി ഡോ.സച്ചിൻ സുരേഷ്, ട്രഷറർ ഡോ. ബൻസീർ ഹുസൈൻ, പ്രസിഡന്റ് ഇലക്ട് ഡോ. അതുൽ ജോസഫ് മാനുവൽ, വൈസ് പ്രസിഡന്റ് ഡോ. ജോർജ് തുകലൻ, മുൻ പ്രസിഡന്റ്മാരായ ഡോ. എം. നാരായണൻ, ഡോ.ശ്രീനിവാസ കമ്മത്ത്, ഡോ. എം.എം ഹനീഷ് തുടങ്ങിയവരും പങ്കെടുത്തു.

# അഭിക് ചാറ്റർജി കേരള ബ്ലാസ്റ്റേഴ്സ് എഫ്.സിയുടെ പുതിയ സി.ഇ.ഒ

കൊച്ചി: കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബോൾ ക്ലബിന്റെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അഭിക് ചാറ്റർജിയെ നിയമിച്ചു. ക്ലബ്ബിന്റെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും ആരാധകരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിലുമുൾപ്പെടെ ഫീൽഡിലും ഫീൽഡിന് പുറത്തുമുള്ള മികച്ച പ്രകടനം ഉറപ്പാക്കുന്നതിനുള്ള ക്ലബിന്റെ പ്രതിബദ്ധതയുടെ ഭാഗമായാണ് പുതിയ നിയമനം. നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്.സി, ഫത്തേഹ് ഹൈദരബാദ് എ.എഫ്.സി, ഒഡീഷ എഫ്.സി എന്നീ ക്ലബുകളിൽ പ്രവർത്തിച്ച അനുഭവസമ്പത്തോടെയാണ് അഭിക് ബ്ലാസ്റ്റേഴ്സിലേക്ക് എത്തുന്നത്. കൂടാതെ, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന സൂപ്പർ ലീഗ് കേരളയിൽ ലീഗ് ആൻഡ് ടെക്നിക്കൽ ഓപ്പറേഷൻസിന്റെയും മേൽനോട്ടം വഹിച്ചിട്ടുണ്ട്. 202021 സീസൺ മുതൽ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ നിഖിൽ ബി നിമ്മഗദ്ദ ഇപ്പോൾ ദൈനംദിന ഉത്തരവാദിത്തങ്ങളിൽ നിന്ന് പിന്മാറുകയാണ്. ഒക്ടോബർ 3 മുതൽ അഭിക് ചുമതലയേൽക്കും. ക്ലബ്ബിന്റെ ഫുട്ബോൾ, വാണിജ്യ, പ്രകടന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് സ്പോർട്ടിംഗ് ഡയറക്ടറുമായും മാനേജ്മെന്റ് ടീമുമായും അദ്ദേഹം ചേർന്ന് പ്രവർത്തിക്കും.അഭിക്കിന്റെ നിയമനം, ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാനുള്ള ഞങ്ങളുടെ അചഞ്ചലമായ പ്രതിബദ്ധതയുടെ തെളിവാണ്. വിവിധ നേതൃപരമായ പദവികളിൽ മേൽനോട്ടം വഹിച്ച അദ്ദേഹം, വർഷങ്ങളുടെ പ്രൊഫഷണൽ അനുഭവസമ്പത്തോടെയാണ് ക്ലബിലേക്കെത്തുന്നത്. അദ്ദേഹത്തിന്റെ കഴിവുകളിൽ എനിക്ക് അഗാധമായ വിശ്വാസമുണ്ട്, അദ്ദേഹത്തിന്റെ മാർഗനിർദേശത്തിൽ ക്ലബ്ബ് കൂടുതൽ ഉയരങ്ങളിലെത്തുമെന്നതിൽ സംശയമില്ലെന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി മുഴുവൻ സമയ ഡയറക്ടർ നിഖിൽ ബി നിമ്മഗദ്ദ പറഞ്ഞു.കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബാൾ ക്ലബ്ബിന്റെ ഭാഗമാകാൻ സാധിച്ചതിൽ ഏറെ അഭിമാനമുണ്ടെന്ന് ' അഭിക് ചാറ്റർജി പറഞ്ഞു.



വികാരി ഫാദർ ജോയ് അയ്നിയാടൻ പതാക ഉയർത്തുന്നു, ഫാദർ ലിജോയ് വടക്കുംചേരി, നോബിൾ കെ ജോൺ, കെ വി ജോസഫ്, ചെമ്മദോർ ജോൺ കളത്തിവീട്ടിൽ, വിജു ചുളയ്ക്കൽ, വിൻസന്റ് പാഴുക്കുന്നിൽ തുടങ്ങിയവർ സമീപം.

# എളംകുളം ലിറ്റിൽ ഫ്ളവർ പള്ളിയിൽ തിരുനാളിന് കൊടി കയറി

**കൊച്ചി:** എളംകുളം ലിറ്റിൽ ഫ്ലവർ പള്ളിയിൽ ഇടവക മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ ദർശന തിരുനാളിന് വികാരി ഫാദർ ജോയ് അയിനിയാടാൻ പതാക ഉയർത്തി, രാവിലെ 6:45ന്റെ കുർബാനയ്ക്ക് ശേഷം ദിവ്യകാരുണ്യ ആരാധന ആരംഭിച്ചു ഫാദർ ജസ്റ്റിൻ കൈപ്പറമ്പാടൻ കുർബാനയ്ക്ക് മുഖ്യ ധാർമികനായിരുന്നു, കൊച്ചച്ചൻ ഫാദർ ലിജോയ് വടക്കുംഞ്ചേരി പൊതു ആരാധന നയിച്ചു, ഫാദർ ബിജു വടക്കേൽ സി എം ഐ ദിവ്യകാരുണ്യ പ്രസംഗം നൽകി, ആഘോഷമായ ദിവ്യകാരുണ്യ പ്രദക്ഷിണവും ഉണ്ടായിരുന്നു,

# ഐ.എം.എ കൊച്ചി ഭാരവാഹികളുടെ സ്ഥാനാരോഹണം ആറിന്

**കൊച്ചി:** ഐ.എം.എ കൊച്ചിയുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം ഒക്ടോബർ ആറിന് നടക്കും. കലൂർ ഐ.എം.എ ഹൗസിൽ വൈകിട്ട് ഏഴിന് നടക്കുന്ന സമ്മേളനം കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് ഡോ. എം.എം ഹനീഷ് അധ്യക്ഷത വഹിക്കും. ഡോ. ജോസ് ചാക്കോ പെരിയപ്പുറം പുതിയ പ്രസിഡന്റ് ഡോ. ജേക്കബ് അബ്രാഹമിനെ പരിചയപ്പെടുത്തും. മുൻ പ്രസിഡന്റ് ഡോ. സുനിൽ കെ. മത്തായി സ്ഥാനാരോഹണം നടത്തും. സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കും. ഐ.എം.എ ഹൗസ് ചെയർമാൻ ഡോ. വി.പി കുര്യെയ്പ്പ്, മുൻ പ്രസിഡന്റ് ഡോ. എം. വേണുഗോപാൽ, ഐ.എം.എ ബ്ലഡ് ബാങ്ക് ചെയർമാൻ ഡോ. കെ. നാരായണൻകുട്ടി, ഐ.എം.എ ഹൗസ് കൺവീനർ ഡോ. സച്ചിദാനന്ദ കമ്മത്ത്, ഡബ്ല്യു.ഡി.ഡബ്ല്യു ഡോ. മാരി സൈമൺ, ഐ.ഡി.എ കൊച്ചിൻ വൈസ് പ്രസിഡന്റ് ഡോ. മീരാ ഗോപാലകൃഷ്ണൻ. എം.എം.എ കൊച്ചിയുടെ പുതിയ സെക്രട്ടറി ഡോ.സച്ചിൻ സുരേഷ്, ട്രഷറർ ഡോ. ബെൻസിർ ഹുസൈൻ തുടങ്ങിയവർ സംസാരിക്കും.

# ഇ.എൻ.ടി വിദഗ്ദരുടെ ദേശിയ സമ്മേളനം കൊച്ചിയിൽ




**കൊച്ചി:** ഇ.എൻ.ടി വിദഗ്ദരുടെ 76മത് ദേശിയ സമ്മേളനം എഐഐ കോൺ 2025 (AOICON2025 KOCHI) ന് കൊച്ചി വേദിയാകുന്നു. വിദേശരാജ്യങ്ങളിൽ നിന്നടക്കം ഇഎൻ.ടി മേഖലയിലെ വിദഗ്ദർ പങ്കെടുക്കുന്ന സമ്മേളനത്തിൽ അക്കാദമിക തല സെമിനാറുകൾ, പ്രബന്ധാവതരണങ്ങൾ, ചർച്ചകൾ ഉൾപ്പെടെയുള്ളവ നടക്കും. സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുകയാണെന്ന് സംഘാടക സമിതി ഭാരവാഹികൾ വ്യക്തമാക്കി. ഇ.എൻ.ടി മേഖലയിയിലെ നൂതന ചികിൽസാ രീതികൾ, ആധുനിക സാങ്കേതിക വിദ്യകൾ ഉൾപ്പെടെയുള്ളവ സംബന്ധിച്ച് സമ്മേളനം വിശദമായി ചർച്ച ചെയ്യും. മാറുന്ന കാലഘട്ടത്തിൽ ഇ.എൻ.ടി മേഖലയുടെ ഭാവി രൂപപ്പെടുത്തൽ കൂടിയാകും സമ്മേളനം. ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമായി ആയിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും. ദേശീയ സമ്മേളനങ്ങളുടെ ഹബ്ബായി കേരളവും കൊച്ചിയും മാറുന്ന സാഹചര്യത്തിൽ കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് വലിയ ഉണർവ്വായി സമ്മേളനം മാറുമെന്നാണ് വിലയിരുത്തപ്പെടുന്നത്.



**പാവക്കുളം ശ്രീ മഹാദേവക്ഷേത്രത്തിലെ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴീക്കോട് കൃഷ്ണദാസ് നമ്പൂതിരി ഭദ്രദീപം തെളിയിക്കുന്നു . സമീപം കെ പി മാധവൻകുട്ടി ഗിരീഷ് രാജൻ, സി വേണു, സെക്രട്ടറി വിനോദ് കാരോള്ളിൽ, പ്രസിഡണ്ട് ടി പങ്കജാക്ഷൻ.**

## പാവക്കുളത്ത് നവരാത്രി ആഘോഷങ്ങൾക്ക് തിരിതെളിഞ്ഞു

**കൊച്ചി:** പാവക്കുളം ശ്രീ മഹാദേവക്ഷേത്രത്തിലെ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴീക്കോട് കൃഷ്ണദാസ് നമ്പൂതിരി തിരി തെളിയിച്ചു. ചടങ്ങിൽ ക്ഷേത്ര ക്ഷേമ സമിതി സെക്രട്ടറി വിനോദ് കാരോള്ളിൽ, പ്രസിഡണ്ട് ടി പങ്കജാക്ഷൻ, ഗിരീഷ് രാജൻ, സി വേണു, കെ പി മാധവൻകുട്ടി തുടങ്ങിയവർ പ്രസംഗിച്ചു. നവരാത്രി ആദ്യ ദിവസം ശൈലപുത്രി ഭാവത്തിൽ വിശേഷാൽ പദ്മമിട്ടു പൂജ നടന്നു. ഇന്ന് ബ്രഹ്മചാരിണി ഭാവത്തിൽ കളം വരക്കും.

# ആരോഗ്യ സ്ഥാപനങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി

**മലപ്പുറം:** മലപ്പുറം ജില്ലയിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും ഗുണനിലവാരത്തിൽ ഒന്നാമതാകും. 2025 ഡിസംബർ 31നകം ജില്ലയിലെ എല്ലാ ആരോഗ്യസ്ഥാപനങ്ങളും ദേശീയാംഗീകാരമായ എൻ.ക്യു.എ.എസ് അംഗീകാരം നേടിയെക്കുകയ എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി എല്ലാ ബ്ലോക്കിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് പരിശീലനം നൽകി. ബ്രാൻഡിംഗ് പൂർത്തീകരിച്ചതിന് ശേഷമുള്ള ഫണ്ട് വിതരണത്തിന് സ്ഥാപനങ്ങളുടെ എൻ.ക്യു.എ.എസ് അംഗീകാരം മാനദണ്ഡമാക്കുകയും അതിന്റെ പെർഫോമൻസ് അടിസ്ഥാനത്തിലായിരിക്കും ക്വാളിറ്റി ആക്ടിവിറ്റികൾക്ക് ആവശ്യമായ ഫണ്ട് നൽകുകയും ചെയ്യുക, പദ്ധതിയുടെ പരിപൂർണവിജയത്തിനായി ഡി.എം.ഒയുടെ നേതൃത്വത്തിൽ ഡിപിഎം, ആർ.സി.എച്ച് ഓഫീസർ എന്നിവയുടെ സഹകരണത്തോടെ ക്വാളിറ്റി ഓഫീസർമാർ, ജെസിഎച്ച് ഡബ്ല്യൂസ് എന്നിവരുടെ മീറ്റിങ് നടത്തി ജില്ലയിൽ ഓരോ ക്വാർട്ടറിലും എൻ.ക്യു.എ.എസ് അക്രഡിറ്റേഷൻ നേടേണ്ട സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഫല പ്രദമായി നടപ്പിലാക്കുന്നതിനായി ജില്ലയിലെ എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും ക്വാളിറ്റി ടീം രൂപീകരിക്കുകയും ക്വാളിറ്റി നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തു. ആരോഗ്യസ്ഥാപനങ്ങളിൽ പ്രാഥമിക അസസ്മെന്റ് നടത്തി അത് ജില്ലയിലേക്ക് അയക്കുകയും ചെയ്യുന്നു. അതിൽ വിടവുകൾ കണ്ടെത്തി അത് ജില്ലാതല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിഹരിക്കുകയും ആരോഗ്യസ്ഥാപനങ്ങളെ എൻ.ക്യു.എ.എസ് അക്രഡിറ്റേഷന് സജ്ജീകരിക്കുകയും ചെയ്യുന്നു.

ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ദേശീയതലത്തിലുമായി നടത്തുന്ന വിവിധ മൂല്യനിർണ്ണയങ്ങളിലൂടെയാണ് ആശുപത്രികളെ എൻ.ക്യു.എ.എസ് അംഗീകാരത്തിനായി തെരഞ്ഞെടുക്കുന്നത്. ഒ.പി. വിഭാഗം, ലബോറട്ടറി, ഫാർമസി, പൊതുജനാരോഗ്യവിഭാഗം, എന്നിവയുടെ പ്രവർത്തനം, ദേശീയ ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ്, പകർച്ചവ്യാധി പ്രതിരോധപ്രവർത്തനം, മാതൃശിശു ആരോഗ്യം, ജീവിതശൈലീരോഗ നിയന്ത്രണം, പ്രതിരോധ കുത്തിവെയ്പ്പ്, ജീവനക്കാരുടെ സേവനം, രോഗികളുടെയും ജീവനക്കാരുടെയും അഭിപ്രായങ്ങൾ അനുസരിച്ചുള്ള മികച്ച സേവനം, ഓഫീസ് നിർവ്വഹണം എന്നീ വിഭാഗങ്ങളുടെ മികച്ച പ്രവർത്തനമാണ് അംഗീകാരം ലഭിക്കാൻ കാരണമായത്.

ഗുണനിലവാരം നിലനിർത്തുന്നതിന് 3 വർഷം കേന്ദ്ര സർക്കാർ ഫണ്ട് ലഭിക്കും. സർവ്വീസ് പ്രൊവിഷൻ, പേഷ്യന്റ് റൈറ്റ്, ഇൻപുട്സ്, സപ്പോർട്ടീവ് സർവീസസ്, ക്ലിനിക്കൽ സർവീസസ്, ഇൻഫെക്ഷൻ കൺട്രോൾ, ക്വാളിറ്റി മാനേജ്മെന്റ്, ഔട്ട് കം, എന്നീ എട്ട് വിഭാഗങ്ങളായി 6500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് എൻ.ക്യു.എ.എസ് അംഗീകാരം നൽകുന്നത്. ജില്ലാതല പരിശോധന, സംസ്ഥാനതല പരിശോധന എന്നിവയ്ക്ക് ശേഷം എൻ.എച്ച്.എസ്.ആർ.സി നിയമിക്കുന്ന ദേശീയതല പരിശോധകർ നടത്തുന്ന പരിശോധനകൾക്ക് ശേഷമാണ് ആശുപത്രികളുടെ ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കുന്നത്. ഇവയിൽ ഓരോ വിഭാഗത്തിലും 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടുന്ന സ്ഥാപനങ്ങൾക്കാണ് കേന്ദ്രസർക്കാർ എൻ.ക്യു.എ.എസ് അംഗീകാരം നൽകുന്നത്.

# കുടുംബശ്രീ മാതൃകയിൽ ഭിന്നശേഷി സ്വയം സഹായ സംഘങ്ങളുടെ ശൃംഖല രൂപീകരിക്കും

**കോഴിക്കോട്:** കുടുംബശ്രീയുടെ മാതൃകയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ ശാക്തീകരണവും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് ഭിന്നശേഷി സ്വയംസഹായ സംഘങ്ങളുടെ ശൃംഖല രൂപീകരിക്കും മന്ത്രി ബിന്ദു. സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ നേതൃത്വത്തിൽ ഭിന്നശേഷി സഹായ ഉപകരണങ്ങളുടെ വിതരണം കോഴിക്കോട് നിർവഹിച്ച് സംസാരിക്കുകയായിരുന്നു അവർ.

പുതിയ സംരംഭം ഭിന്നശേഷിക്കാർ നിർമ്മിക്കുന്ന ഉപകരണങ്ങൾക്ക് വിപണി കണ്ടെത്തൽ, അവ വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കൽ എന്നിവ പ്രാവർത്തികമാക്കി ഭിന്നശേഷിക്കാരുടെ ജീവിതത്തിൽ വലിയ മാറ്റം ഉണ്ടാക്കുന്ന ഒന്നായിരിക്കുമെന്ന് മന്ത്രി പറഞ്ഞു. 'തനിച്ചല്ല നിങ്ങൾ, ഒപ്പമുണ്ട് ഞങ്ങൾ' എന്നതാണ് ഭിന്നശേഷി വിഭാഗത്തോടുള്ള സംസ്ഥാന സർക്കാർ നയം. ഇന്ത്യയിലെ ഏറ്റവും മികച്ച ഭിന്നശേഷി സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള പരിപാടികളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ഈ മാർഗത്തിൽ സർക്കാറിനോട് തോളോടുതോൾ ചേർന്നു പ്രവർത്തിക്കുകയാണ് ഭിന്നശേഷിക്ഷേമ കോർപ്പറേഷനെന്ന് മന്ത്രി പ്രശംസിച്ചു.

ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണങ്ങൾ വിവിധ ഏജൻസികൾ മുഖേന നൽകിവരികയാണ്. സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്ന സാങ്കേതികവിദ്യയുമായി ബന്ധപ്പെടുത്തി മദ്രാസ് ഐഐടിയുമായി ചേർന്നു കൊണ്ട് വിവിധ പരിപാടികളിൽ സാമൂഹ്യനീതി വകുപ്പ് സഹകരിച്ചുവരുന്നതായും മന്ത്രി വ്യക്തമാക്കി.

ജില്ലാ പ്ലാനിംഗ് ഓഫീസ് ഹാളിൽ നടന്ന പരിപാടിയിൽ 130 ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തു. ഇതിൽ 25,000 രൂപ വീതം ഫിക്സ്ഡ് ഡെപ്പോസിറ്റ് ലഭിച്ച 25 വിദ്യാർഥികളും ഉൾപ്പെടും.

ബഗ്ഗീസ്, തെറാപ്പി മാറ്റ്, തെറാപ്പി ബോൾ, സി.പി വീൽചെയർ, സ്റ്റാറ്റിക് സൈക്കിൾ, ഹോൾഡിങ് വാക്കർ, റിക്ലൈനിങ് വീൽചെയർ, ഹൈടെക് നീക്യാപ്, സി.പി വുഡ്സൻ ചെയർ, കൃത്രിമ കാൽ എന്നിവയാണ് വിതരണം ചെയ്ത്.

തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിച്ചു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച് ദിനേശൻ, അസിസ്റ്റന്റ് കളക്ടർ ആയുഷ് ഗോയൽ, ജില്ലാ സാമൂഹ്യനീതി ഓഫീസർ അഞ്ജു മോഹൻ, ജില്ലാ വനിത ശിശു വികസന ഓഫീസർ എസ് സബീന ബീഗം, സംസ്ഥാന സാമൂഹ്യനീതി അഡ്വൈസറി ബോർഡ് അംഗം പി എസ് സുഹീത, സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗം ഗിരീഷ് കീർത്തി എന്നിവർ പങ്കെടുത്തു.സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ അഡ്വ. എം വി ജയഡാളി സ്വാഗതവും എംഡി കെ മൊയ്തീൻകുട്ടി നന്ദിയും പറഞ്ഞു.

# എൻ സി സി കേഡറ്റുകളെ ആദരിച്ചു

**മൂവാറ്റുപുഴ:** നിർമല കോളേജ് എൻ സി സി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എൻ സി സിയിൽ നേട്ടങ്ങൾ കൈവരിച്ച കേഡറ്റുകളെ ആദരിച്ചു. റിപ്പബ്ലിക് ദിന പരേഡ് ഉൾപ്പെടെ വിവിധ ക്യാമ്പുകളിൽ പങ്കെടുത്ത വിദ്യാർഥികൾക്കാണ് കോളേജ് ആദരം ഒരുക്കിയത്. കോളേജ് ഓഡിയോ വിഷൽ ഹാളിൽ നടത്തിയ പരിപാടിയിൽ 18 കേരള ബറ്റാലിയൻ എൻ സി സി കമാൻഡിങ് ഓഫീസർ കേണൽ പ്രശാന്ത് നായർ വിശിഷ്ടാതിഥിയായി. ദേശീയ തലത്തിൽ എൻ സി സി സംഘടിപ്പിച്ച തൽ സൈനിക് ക്യാമ്പിൽ കേരള ലക്ഷദ്വീപ് ടീമിനെ പ്രതിനിധീകരിച്ച അനന്തകൃഷ്ണൻ എം എ, ആദർശ് വർഗീസ് എന്നിവർക്കും, ഇന്റർ ഡയറക്ടറേറ്റ് സ്പോർട്സ് ഷൂട്ടിങ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത അമിത മനോജ്, റിപ്പബ്ലിക്ക് ദിന പരേഡിൽ പങ്കെടുത്ത അഭിഷേക് മൻമദൻ എന്നിവർക്കാണ് അനുമോദനം നൽകിയത്. എൻ സി സി യിൽ മറ്റ് പല വിഭാഗങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കിയ കേഡറ്റുകളെയും ചടങ്ങിൽ ആദരിച്ചു. 2025 ജനുവരിയിലെ റിപ്പബ്ലിക്ക് ദിന പരേഡിലും നിർമല കോളേജിലെ എട്ട് കേഡറ്റുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കോളേജ് പ്രിൻസിപ്പൽ ഫാ ഡോ ജസ്റ്റിൻ കെ കുര്യാക്കോസ്, എൻ സി സി ഓഫീസർ ലെഫ്റ്റനന്റ് ആൽബിഷ് കെ പോൾ, കോളേജ് ബർസാർ ഫാ പോൾ കളത്തൂർ, സീനിയർ അണ്ടർ ഓഫീസർ ഗോകുൽ ഇ കെ എന്നിവർ പ്രസംഗിച്ചു.



## കെ.യു.ഡബ്ല്യൂ.ജെ സംസ്ഥാന സമ്മേളനം: ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി :** കേരള പത്രപ്രവർത്തക യൂണിയൻ 60 ാമത് സംസ്ഥാന സമ്മേളനത്തിന്റെ ലോഗോ പ്രകാശനം സ്വാഗതസംഘം രക്ഷാധികാരി ടി.ജെ വിനോദ് എം.എൽ.എ നിർവഹിച്ചു. ടൈംസ് ഓഫ് ഇന്ത്യ കൊച്ചി എഡിഷനിലെ ഗിരീഷ് എം.പി ഡിസൈൻ ചെയ്ത ലോഗോയാണ് തെരഞ്ഞെടുക്കപ്പെട്ടത്.

സംസ്ഥാനത്തെ മാധ്യമ മേഖലയിൽ നിന്നുള്ളവരിൽ നിന്ന് മത്സരസ്വഭാവത്തിൽ ലഭിച്ച 32 എൻട്രികളിൽ നിന്നാണ് ലോഗോ തെരഞ്ഞെടുത്തത്. ഗിരീഷ് എം.പിക്കുള്ള ഉപഹാരം ടി.ജെ വിനോദ് സമ്മാനിച്ചു.

കെ.യു.ഡബ്ല്യൂ.ജെ ജില്ലാ പ്രസിഡന്റും സ്വാഗതസംഘം വർക്കിംഗ് ചെയർമാനുമായ ആർ ഗോപകുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് സീമാ മോഹൻലാൽ, സംസ്ഥാന കമ്മിറ്റിഅംഗം ജലീൽ അരൂക്കുറ്റി, സ്വാഗതസംഘം വൈസ് ചെയർമാൻ സി.ജി രാജഗോപാൽ , കൺവീനർ ജെബി പോൾ എന്നിവർ സംസാരിച്ചു. കെ.യു.ഡബ്ല്യൂ.ജെ ജില്ലാ സെക്രട്ടറിയും സ്വാഗതസംഘം ജനറൽ കൺവീനറുമായ എം. ഷജിൽ കുമാർ സ്വാഗതവും ജില്ല ജോയിന്റ് സെക്രട്ടറി ഷബ്ന സിയാദ് നന്ദിയും പറഞ്ഞു. 2024 ഒക്ടോബർ 17 മുതൽ 19 വരെ എറണാകുളത്താണ് സംസ്ഥാന സമ്മേളനം.

## കെ യു ഡബ്ല്യു ജെ സംസ്ഥാന സമ്മേളനം: വിളംബര സന്ധ്യ ഇന്ന്

**കൊച്ചി :** കേരള പത്രപ്രവർത്തക യൂണിയൻ അറുപതാം സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി വിളംബര സന്ധ്യ ഇന്ന് നടക്കും. വൈകിട്ട് 6.45 ന് രാജേന്ദ്ര മൈതാനത്തിന് സമീപമുള്ള ഗാന്ധി പ്രതിമയ്ക്ക് മുന്നിൽ 60 മൺചിരാതുകൾ തെളിയിക്കും. ജസ്റ്റിസ്.ദേവൻ രാമചന്ദ്രൻ ആദ്യ ദീപം തെളിയിക്കും. രാഷ്ട്രീയ , സാമൂഹ്യ, സാംസ്കാരിക പ്രവർത്തകർ പങ്കെടുക്കുമെന്ന് എറണാകുളം പ്രസ് ക്ലബ്ബ് പ്രസിഡന്റ് ആർ.ഗോപകുമാർ, സെക്രട്ടറി എം. ഷജിൽ കുമാർ എന്നിവർ അറിയിച്ചു.



എറണാകുളം ശ്രീ അയ്യപ്പൻകോവിലിലെ നവരാത്രി ആഘോഷം സെക്രട്ടറി പി.ഐ രാജീവ് ഉദ്ഘാടനം ചെയ്യുന്നു. മേൽശാന്തി പി.എ സുധി, ദേവസ്വം മാനേജർ ഇ.രാജീവൻ എന്നിവർ സമീപം

## വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം

**ആലുവ:** ഇസാഫ് ഫൗണ്ടേഷൻ വനിതകൾക്കായി ഒക്ടോബർ 8, 9 തീയതികളിൽ കേക്ക് നിർമ്മാണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. ആലുവ ഗവണ്മെന്റ് ഹോസ്പിറ്റലിനു സമീപമുള്ള ഇസാഫ് ഫൗണ്ടേഷൻ പരിശീലന കേന്ദ്രത്തിലാണ് ക്ലാസുകൾ നടക്കുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക; 9072600771, 04843548159

# കൊമ്പന്മാർക്ക് വീണ്ടും സമനില കുരുക്ക്




**ഭുവനേശ്വർ:** എവേ ഗ്രൗണ്ടിൽ തുടർച്ചയായ രണ്ടാം മത്സരത്തിലും സമനില പിടിച്ച് കേരള ബ്ലാസ്റ്റേഴ്സ്. കരുത്തരായ ഒഡിഷ എഫ്സിയെ 2,2ന് തളച്ചു. രണ്ട് ഗോൾ ലീഡ് നേടിയ ശേഷമായിരുന്നു ബ്ലാസ്റ്റേഴ്സ് സമനില വഴങ്ങിയത്. നോഹ സദൂയ്, ഹെസ്യൂസ് ഹിമിനെസ് എന്നിവർ തകർപ്പൻ ഗോളുകളിലൂടെ ലീഡ് നൽകി. എന്നാൽ ദ്യേഗോ മൗറീസിയോ ഒഡിഷയ്ക്കായി തിരിച്ചടിച്ചു. ആദ്യത്തേത് അലെക്സാൻഡ്രെ കൊയെഫിന്റെ സെൽഫ് ഗോളായിരുന്നു.

മാറ്റങ്ങളില്ലാതെയാണ് ബ്ലാസ്റ്റേഴ്സ് ഇറങ്ങിയത്. ഗോൾ വലയ്ക്ക് മുന്നിൽ സച്ചിൻ സുരേഷ്. പ്രതിരോധത്തിൽ സന്ദീപ് സിങ്, മിലോസ് ഡ്രിൻസിച്ച്, പ്രീതം കോട്ടൽ, നവോച്ച സിങ്. മധ്യനിരയിൽ വിബിൻ മോഹനൻ, അലെക്സാൻഡ്രെ കൊയെഫ്, ഡാനിഷ് ഫാറൂഖ്.മുന്നേറ്റത്തിൽ കെ പി രാഹുൽ, നോഹ സദൂയ്, ഹെസ്യൂസ് ഹിമിനെസ്.

ഒഡീഷയുടെ ഗോൾ കീപ്പറായി അമരീന്ദർ സിങ് എത്തി. അമയ് രണദാവെ, ജെറി ലാൽറിൻസുവാല, തോയ്ബ സിങ്, മൗറ്റാർഡ ഫാൾ എന്നിവർ പ്രതിരോധത്തിൽ. മധ്യനിരയിൽ ഹ്യൂഗോ ബുമുസ്, ജെറി, പുയ്ട്ടിയ, ഐസക് റാൽട്ടെ, അഹമ്മദ് ജഹു. മുന്നേറ്റത്തിൽ ദ്യേഗോ മൗറീസിയോയും.

തുടക്കം മുതൽ ബ്ലാസ്റ്റേഴ്സിന്റെ നിയന്ത്രണത്തിലായിരുന്നു കളി. സദൂയ്, രാഹുൽ, ഹിമിനെസ് സഖ്യം നിരന്തരം ആക്രമണം നടത്തി. കളിയുടെ പതിനെട്ടാം മിനിറ്റിൽ നോഹ സൂദയിയുടെ തകർപ്പൻ ഗോളിൽ ബ്ലാസ്റ്റേഴ്സ് ലീഡ് നേടി. ഒന്നാന്തരം പ്രത്യാക്രമണത്തിലൂടെയായിരുന്നു ഗോൾ വന്നത്. വലതുഭാഗത്ത്, മധ്യവരയുടെ തൊട്ടുപിന്നിൽനിന്ന് രാഹുൽ തൊടുത്ത ക്രോസ്കോട്ടൽ ഓട്ടത്തിനിടെ തട്ടിയിട്ടു. ബോക്സിന്റെ മധ്യഭാഗത്തേക്ക് കുതിക്കുകയായിരുന്ന ഹിമിനെസിന് പന്തുകട്ടി. ഓട്ടത്തിനിടയിൽ ഇടതുപാർശ്വത്തിൽ കുതിക്കുകയായിരുന്നു സദൂയിയെ കണ്ടു. തകർപ്പൻ ഷോട്ടിലൂടെ സദൂയ് വല തുളച്ചു. മൊറോക്കോ താരത്തിന്റെ സീസണിലെ മൂന്നാംഗോൾ. മൂന്ന് മിനിറ്റ് തികയുംമുമ്പ് മറ്റൊരു മിന്നൽക്കുതിപ്പ്. ലോങ് ബോൾ പിടിച്ചെടുത്ത് നോഹ ബോക്സിന്റെ വലതുഭാഗത്തുണ്ടായിരുന്ന ഹിമിനെസിലേക്ക് ക്രോസ് കൊടുത്തു. പ്രതിരോധത്തിൽ നാല് താരങ്ങൾ നിൽക്കെ ഈ സ്പാനിഷുകാരൻ ഇടംകാൽ കൊണ്ട് നിയന്ത്രിച്ച് വലതുകാല് കൊണ്ട് അടിപായിച്ചു. അമരീന്ദറിന്റെ ചാട്ടത്തിനും തടയാനായില്ല.

തൊട്ടടുത്ത നിമിഷം ഹിമിനെസിന്റെ മറ്റൊരു മനോഹര മുന്നേറ്റം കണ്ടു. ബോക്സിന് പുറത്തുവച്ച് പന്ത് നിയന്ത്രിച്ച് അടിതൊടുക്കാൻ ശ്രമിച്ചങ്കിലും ഒഡീഷ പ്രതിരോധം തടഞ്ഞു.

അരമണിക്കൂർ തികയുംമുമ്പ് ബ്ലാസ്റ്റേഴ്സ് ദൗർഭാഗ്യകരമായി ഗോൾ വഴങ്ങി. ഒഡിഷയുടെ ഗോൾ ശ്രമം സച്ചിൻ സുരേഷ് തട്ടിയകറ്റിയെങ്കിലും കൊയഫിന്റെ കാലിൽ തട്ടി പന്ത് വലയിലേക്ക് കയറി. ഇതിനിടെ ഒഡിഷ രണ്ടാംഗോളിലൂടെ ഒപ്പമെത്തുകയും ചെയ്തു. മൗറീസിയോയും ജെറിയും ചേർന്നുള്ള മുന്നേറ്റമാണ് അപകടംവിതച്ചത്. ജെറിയുടെ വലതു ഭാഗത്തുനിന്നുള്ള പാസ് സ്വീകരിച്ച മൗറീസിയോ ക്ലോസ് റേഞ്ചിൽവച്ച് കരുത്തുറ്റ അടി തൊടുത്തു. ബ്ലാസ്റ്റേഴ്സ് ലീഡ് നേടാൻ ആഞ്ഞുശ്രമിച്ചു. സദൂയ്, കോട്ടൽ, വിബിൻ എന്നിവരുടെ ശ്രമങ്ങളെ പ്രതിരോധം തടഞ്ഞു.

ഇടവേളയ്ക്കുശേഷം രണ്ട് തവണ ഹിമിനെസ് ഗോളിന് അരികെയെത്തി. രാഹുലിന്റെ ഒറ്റയ്ക്കുള്ള മുന്നേറ്റത്തെ അമരീന്ദർ തടഞ്ഞു. 67,ാം മിനിറ്റിൽ നോഹയുടെ ഫ്രീകിക്കിൽ ഡ്രിൻസിച്ച് തലവച്ചെങ്കിലും പന്ത് വലയിൽ കടന്നില്ല. 69,ാം മിനിറ്റിൽ ഡാനിഷിന് പകരം മുഹമ്മൻ ഐമൻ കളത്തിലെത്തി. കൊയഫിന് പകരം അഡ്രിയാൻ ലൂണയും രാഹുലിന് പകരം മുഹമ്മദ് അസ്ഹറുമെത്തി. 78,ാം മിനിറ്റിൽ നോഹയുടെ തകർപ്പൻ ഷോട്ട് നേരിയ വ്യത്യാസത്തിൽ പറന്നു. മറുവശത്ത് ഒഡിഷയുടെ ആക്രമണങ്ങളെ കോട്ടലും ഡ്രിൻസിച്ചും നവോച്ചയും ചേർന്ന് കൃത്യമായി തടഞ്ഞു.85,ാം മിനിറ്റിൽ സന്ദീപിന് പകരം ഹോർമിപാമും ഹിമിനെസിന് പകരം ക്വാമി പെപ്രയും കളത്തിൽവന്നു. 90,ാം മിനിറ്റിൽ നോഹയെ ഒഡിഷ പ്രതിരോധം ബോക്സിൽ വീഴ്ത്തിയെങ്കിലും റഫറി പെനൽറ്റി അനുവദിച്ചില്ല. അവസാന നിമിഷങ്ങളിൽ തകർപ്പൻ കളി പുറത്തെടുത്തെങ്കിലും വിജയഗോൾ വന്നില്ല.പോയിന്റ് പട്ടികയിൽ അഞ്ച് പോയിന്റുമായി നാലാമതാണ് ബ്ലാസ്റ്റേഴ്സ്.ഒക്ടോബർ 20ന് മുഹമ്മദൻസുമായാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്തകളി.

## കുസാറ്റിലെ നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്ത് 25ാം വർഷത്തിലേക്ക്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകശാലയിലെ നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്ത് 25ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി അക്വാ കൾച്ചർ മെഡിസിൻ ആൻഡ് അക്വാറ്റിക് ആനിമൽ ഹെൽത്ത് മാനേജ്മെന്റ് ഇൻ ഏഷ്യ പസഫിക് എന്ന വിഷയത്തിൽ അന്തർദേശീയ ശില്പശാല സംഘടിപ്പിക്കുന്നു. ജനുവരി 16 മുതൽ 18 വരെ നടക്കുന്ന ശില്പശാലയുടെ ആദ്യ പ്രഖ്യാപനവും സുവർണ്ണ ജൂബിലി ലോഗോ പ്രകാശനവും കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ എം ജുനൈദ് ബുഷിരി എൻ.സി.എ.എ.എച്ച് സ്ഥാപക ഡയറക്ടറും പ്രൊഫസർ എമിരിറ്റസുമായ പ്രൊഫ. ഐ.എസ്. ബ്രൈറ്റ് സിംഗ്, എൻ.സി.എ.എ.എച്ച് ഉപദേശക സമിതി ചെയർമാൻ ഡോ.കെ ഗോപകുമാർ എന്നിവരുടെ സാന്നിധ്യത്തിൽ നിർവഹിച്ചു. ഡോ. സരിക എ.ആർ, പ്രൊഫ. വൽസമ്മ ജോസഫ്, പ്രൊഫ. പവൻ കെ. ധർ, പ്രൊഫ. എ.എ മുഹമ്മദ് ഹാത്ത (ഡയറക്ടർ, സ്കൂൾ ഓഫ് മറയിൻ സയൻസസ്), ഡോ. സാബു എസ് (ഡയറക്ടർ, സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ്), പ്രൊഫ സ്റ്റീഫൻ മിച്ച്നിക് (മോണ്ട്രിയാൽ യൂണിവേഴ്സിറ്റി, കാനഡ), ഡോ. ഷജു എസ്എസ്, ഡോ കെ സതീശൻ, പ്രൊഫ. ജയേഷ് പുത്തുമന, ശിബിൻ എസ്.പി, തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായി.

മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ശില്പശാലയിൽ മൽസ്യ കൃഷിയിലെ മരുന്നുകൾ, ജലജീവികളുടെ ആരോഗ്യ സംരക്ഷണം, സുസ്ഥിര മത്സ്യ കൃഷി തുടങ്ങിയ വിഷയങ്ങളിലെ നൂതന പുരോഗതികളും വെല്ലുവിളികളും ആഗോള തലത്തിലെ വിദഗ്ദ്ധർ ചർച്ച ചെയ്യും. പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, സാങ്കേതിക സെഷനുകൾ തുടങ്ങിയവ വഴി ഗവേഷകരും പ്രതിനിധികളും തമ്മിൽ മികച്ച ആശയ വിനിമയം നടത്തുവാൻ ഈ ശില്പശാല അവസരമൊരുക്കും. കഴിഞ്ഞ 25 വർഷങ്ങളിൽ എൻ.സി.എ.എ.എച്ച് അക്വാറ്റിക് ആനിമൽ ഹെൽത്ത് ഗവേഷണത്തിനും സുസ്ഥിര മൽസ്യ കൃഷിക്കും മികച്ച സംഭാവനകൾ നൽകി വരുന്നു. വരാനിരിക്കുന്ന വാർഷികാഘോഷങ്ങൾ പ്രസ്ഥാനത്തെ ആഗോളതലത്തിൽ കൂടുതൽ ശക്തിപ്പെടുത്താൻ സഹായകമാകും.

ശില്പശാലയിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ ഒക്ടോബർ 10 മുതൽ www.ncaah.ac.in എന്ന വെബ്സൈറ്റിലൂടെ ആരംഭിക്കും. വിശദവിവരങ്ങൾക്ക് aquamap25@ncaah.ac.in എന്ന മെയിലിൽ ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഗാന്ധിജയന്തി ദിനം ആചരിച്ചു

**കൊച്ചി:** കോൺഗ്രസ് (എസ്) എറണാകുളം ജില്ലാ കമ്മറ്റി 'ഗാന്ധി സ്മൃതി ജ്വാല ദിനമായി' ആചരിച്ചു. കോൺഗ്രസ് എസ് സംസ്ഥാന ജനറൽ സെക്രട്ടറി മാത്യൂസ് കോലഞ്ചേരി ഉദ്ഘാടനം നിർവഹിച്ചു. മറൈൻഡ്രൈവിൽ നിന്ന് ആരംഭിച്ച ജാഥയുടെ ഫ് ളാഗ് ഓഫ് എ. ഐ. സി. സി എസ് അംഗം വി. വി. സന്തോഷ് ലാൽ നിർവഹിച്ചു. ജാഥ രാജേന്ദ്ര മൈതാനിയിൽ സമാപിക്കുകയും തുടർന്ന് ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തുകയും ചെയ്തു. ജില്ലാ പ്രസിഡന്റ് അനിൽ കാഞ്ഞിലി അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ടി. വി വർഗീസ്,സംസ്ഥാന നിർവാഹക സമിതി അംഗം പി. അജിത്കുമാർ, ജില്ലാ ജനറൽ സെക്രട്ടറിമാരായ ടി. എസ്. ജോൺ, ബൈജു കോട്ടക്കൽ സിൽവി സുനിൽ, യൂത്ത് കോൺഗ്രസ് എസ് ജില്ലാ പ്രസിഡന്റ് രഞ്ചു ചെറിയാൻ ബ്ലോക്ക് പ്രസിഡന്റുമാരായ റോയ് എം. ബി. നൗഷാദ് എന്നിവർ പ്രസംഗിച്ചു.



# മാലിന്യ മുക്ത മണ്ണുത്തി ക്യാംപെയിൻ സംഘടിപ്പിച്ചു

**മണ്ണുത്തി:** ഗാന്ധിജയന്തി ദിനത്തിൽ ഇസാഫ് സ്റ്റാഫ് വെൽഫെയർ ട്രസ്റ്റും മണ്ണുത്തി സൗഹൃദ കൂട്ടായ്മയും ചേർന്ന് മാലിന്യ മുക്ത മണ്ണുത്തി ക്യാംപെയിൻ സംഘടിപ്പിച്ചു. ഇസാഫ് ഗ്രൂപ്പ് ഓഫ് സോഷ്യൽ എന്റർപ്രൈസസ് സ്ഥാപകനും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ പോൾ തോമസ് ക്യാംപെയിൻ ഉദ്ഘാടനം ചെയ്തു. ഇസാഫ് ഗ്രൂപ്പിലേയും തൃശൂർ കോർപറേഷനിലെയും ജീവനക്കാർ, മണ്ണുത്തി സൗഹൃദ കൂട്ടായ്മയിലെ അംഗങ്ങൾ എന്നിവരാണ് ശുചീകരണം നടത്തിയത്. ഇസാഫ് ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ് കെ ജോൺ, ഇസാഫ് സ്റ്റാഫ് വെൽഫെയർ ട്രസ്റ്റ് ചെയർമാൻ ജോർജ് തോമസ്, തൃശ്ശൂർ കോർപറേഷൻ സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ ബിജു ചന്ദ്രൻ, മണ്ണുത്തി ജനകീയ കൂട്ടായ്മ ചെയർമാൻ ഭാസ്കരൻ കെ മാധവൻ തുടങ്ങിയവർ സംസാരിച്ചു.

## കുസാറ്റ് ഗവേഷണ വിദ്യാർത്ഥി തായ്വാനിലെ എൻപിയുഎസ്ടി സർവകലാശാലയിൽ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മറൈൻ സയൻസസിലെ മറൈൻ ബയോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി വകുപ്പിലെ ഗവേഷണ വിദ്യാർത്ഥിയായ റിഥം ഗുഹ, തായ്വാനിലെ നാഷണൽ പിംഗ്ടംഗ് യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ സയന്റിഫിക് എക്സ്ചേഞ്ച് റിസർച്ചറായി സന്ദർശിക്കും. തിലാപ്പിയയിലും ഹൈബ്രിഡ് ഗ്രൂപ്പുകളിലും സ്ട്രെപ്റ്റോകോക്കസ്പിനെതിരായ വാക്സിൻ വികസിപ്പിക്കുന്നതിനെക്കുറിച്ച് നടന്നുകൊണ്ടിരിക്കുന്ന ബൈലാറ്ററൽ ഇൻഡോതായ്വാൻ പദ്ധതിക്കു വേണ്ടിയാണ് സന്ദർശനം.



# അമൃത ആശുപത്രിയുടെ നേതൃത്വത്തിൽ കുട്ടികൾക്കായുള്ള സൗജന്യ ഹൃദയശസ്ത്രക്രിയാ സ്ക്രീനിങ് ക്യാമ്പ് ഹൃദയാമൃതം 6 ന്

**കോഴിക്കോട്:** മലബാർ മേഖലയിലെ കുട്ടികൾക്കായി കൊച്ചി അമൃത ആശുപത്രിയുടെ നേതൃത്വത്തിൽ സൗജന്യ ഹൃദയശസ്ത്രക്രിയാ സ്ക്രീനിങ് ക്യാമ്പ് ' ഹൃദയാമൃതം 2024 ' സംഘടിപ്പിക്കുന്നു. ഒക്ടോബർ 6 ന് രാവിലെ 9 മണി മുതൽ 3 വരെ വെള്ളിമാടുകുന്ന് അമൃതകൃപ സ്പെഷ്യാലിറ്റി ക്ലിനിക്കിലാണ് ക്യാമ്പ്.

കോഴിക്കോട്, മലപ്പുറം,കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായാണ് റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ടെക്നോപോളിസിന്റെ സഹകരണത്തോടെ ക്യാമ്പ് നടത്തുന്നത്.

തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിക്കും. കൊച്ചി അമൃത ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി, പീഡിയാട്രിക് കാർഡിയാക് സർജറി വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാർ ക്യാമ്പിന് നേതൃത്വം നൽകും. ക്യാമ്പിൽ എക്കോകാർഡിയോഗ്രാഫി ഉൾപ്പെടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും. ശസ്ത്രക്രിയയോ മറ്റ് ചികിത്സകളോ ആവശ്യമായി വരുന്ന കുട്ടികൾക്ക് കൊച്ചി അമൃത ആശുപത്രിയിൽ ഇവ സൗജന്യമായി ലഭ്യമാക്കും.

രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കുമായി 9744894949, 8921508515 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം. കൊച്ചി അമൃത ആശുപത്രിയിൽ ഇതുവരെ ഹൃദയശസ്ത്രക്രിയ നടത്തിയ കുട്ടികളുടെയും കുടുംബങ്ങളുടെയും ഒത്തു ചേരലും ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

അമൃത ആശുപത്രിയുടെ നേതൃത്വത്തിൽ മലബാർ മേഖലയിൽ കഴിഞ്ഞ 15 വർഷമായി ഇത്തരത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. മലബാർ മേഖലയിലെ കുട്ടികൾക്കായി കഴിഞ്ഞ വർഷം കോഴിക്കോട് സംഘടിപ്പിച്ച വിവിധ മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്ത കുട്ടികളിൽ നൂറിലധികം പേർക്ക് കൊച്ചി അമൃത ആശുപത്രിയിൽ വച്ച് ശസ്ത്രക്രിയയും തുടർചികിത്സയും സൗജന്യമായി ചെയ്തു നൽകിയതായി മാതാ അമൃതാനന്ദമയി മഠം കോഴിക്കോട് മഠാധിപതി സ്വാമി വിവേകാമൃതാനന്ദപുരി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കൊച്ചി അമൃത ആശുപത്രിയിലെ പീഡിയാട്രിക് ഹാർട്ട് സർജറി വിഭാഗം മേധാവി ഡോ.പി.കെ ബ്രിജേഷ്, ജനറൽ സർജറി വിഭാഗം പ്രൊഫസർ ഡോ. സി ശ്രീകുമാർ, റോട്ടറി ക്ലബ് കൊച്ചിൻ ടെക്നോപോളിസ് പ്രസിഡന്റ് ജെറി തോമസ്, വേണു താമരശ്ശേരി തുടങ്ങിയവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബ് സൂപ്പർവൈസർ പരിശീലന പരിപാടി സമാപിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകശാലയിലെ ദേശീയ ജലജീവി ആരോഗ്യ കേന്ദ്രം സംഘടിപ്പിച്ച മൂന്ന് മാസം നീണ്ട അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബ് സൂപ്പർവൈസർ പരിശീലന പരിപാടി സമാപിച്ചു. കേന്ദ്ര ഗവണ്മെന്റിന്റെ ബയോടെക്നോളജി വകുപ്പ് സ്കിൽ വിജ്ഞാൻ പദ്ധതിയിലൂടെ നടത്തിയ ഈ പരിശീലനം കേരള ബയോടെക്നോളജി കമ്മീഷനുമായും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റുമായും (കെ.എസ്.സി.എസ്.ടി.ഇ) സഹകരിച്ചാണ് സംഘടിപ്പിച്ചത്. 2024 ജൂലൈ 1ന് ആരംഭിച്ച ഈ പരിശീലന പരിപാടി ദേശീയ കൃഷി നൈപുണ്യ കൗൺസിൽ യോഗ്യതാമാനദണ്ഡങ്ങൾ പാലിച്ചാണ് പൂർത്തിയാക്കിയത്.ജല ജീവി ആരോഗ്യ രംഗത്ത്, പ്രത്യേകിച്ചും രോഗനിർണ്ണയം, വെള്ളത്തിന്റെ ഗുണനിലവാര നിരീക്ഷണം, സ്ഥിരതയുള്ള അക്വാകൾച്ചർ രീതികൾ എന്നിവയിലുള്ള സാങ്കേതിക വൈദഗ്ധ്യം നേടിയെടുക്കാനുള്ള ഈ പരിശീലന പരിപാടി, ഇന്ത്യയുടെ അക്വാകൾച്ചർ വ്യവസായത്തിന്റെ ഭാവിയെ ശക്തിപ്പെടുത്തുവാനും അക്വാകൾച്ചർ മേഖലയിലെ പ്രഗൽഭരായ പ്രൊഫഷണലുകൾക്ക് മികച്ച അവസരങ്ങൾ സൃഷ്ടിക്കുവാനും നിർണായകഘടകമാകും. സെപ്റ്റംബർ 30 ന് നടന്ന സമാപനചടങ്ങിൽ, കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. എം ജുനൈദ് ബുഷിരി മുഖ്യപ്രഭാഷണം നടത്തി. എൻസിഎഎച്ച് ഉപദേശകസമിതി ചെയർമാൻ ഡോ. കെ. ഗോപകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ, ഡോ. സരിക എ.ആർ (സീനിയർ സയന്റിസ്റ്റ്, സ്റ്റേറ്റ് നോഡൽ ഓഫീസർ, ഉന്നതി സ്കിൽവിജ്ഞാൻ, ഗടഇടഋ),പ്രൊഫ. വൽസമ്മ ജോസഫ് (ഡയറക്ടർ, എൻസിഎഎച്ച്),പ്രൊഫ. ഐ.എസ് ബ്രൈറ്റ് സിംഗ് (എമിററ്റസ് പ്രൊഫസർ, എൻസിഎഎച്ച്), പ്രൊഫ. പവൻ കെ ധർ (എക്സിക്യൂട്ടീവ് ഡയറക്ടർ, സി വി ജെ സെന്റർ ഫോർ സിന്തറ്റിക് ബയോളജി ആൻഡ് ബയോമാനുഫാക്ചറിംഗ്), പ്രൊഫ. എ.എ മുഹമ്മദ് ഹാത്ത (ഡയറക്ടർ, സ്കൂൾ ഓഫ് മറൈൻ സയൻസ്), ഡോ. സാബു എസ് (ഡയറക്ടർ, ഇൻഡസ്ട്രിയൽ ഫിഷറീസ് സ്കൂൾ), പ്രൊഫ. സ്റ്റീഫൻ മിച്നിക് (മോണ്ട്രിയൽ സർവകലാശാല, കാനഡ), ഡോ. ജയേഷ് പുതുമന, ശിബിൻ എസ്.പി (അസിസ്റ്റന്റ് പ്രൊഫസർമാർ, എൻസിഎഎച്ച്) തുടങ്ങിയവർ പങ്കെടുത്തു. പരിശീലനം പൂർത്തിയാക്കിയവർക്കും പരിശീലകർക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.



# കാപ്പി കർഷകർക്ക് ആദരം; പുതിയ ക്യാമ്പയിൻ അവതരിപ്പിച്ച് നെസ്കഫേ സൺറൈസ്

**കൊച്ചി:** കാപ്പി കർഷകരുടെ അർപ്പണ ബോധത്തെയും അശ്രാന്ത പരിശ്രമത്തെയും ആദരിക്കാൻ ക്യാമ്പയിൻ ആരംഭിച്ച് നെസ്കഫേ സൺറൈസ്. ഗുണമേന്മയുള്ള കാപ്പി കൃഷി ചെയ്യുന്നതിനായി അവരുടെ കൃഷിയിടങ്ങളിൽ കർഷകർ നടത്തുന്ന പരിശ്രമത്തിനും കൃഷിയോടുള്ള സ്നേഹത്തോടും പ്രതിബദ്ധതയ്ക്കും ആദരമർപ്പിക്കാനാണ് ക്യാമ്പയിൻ. നെസ്കഫേ പ്ലാനിന്റെ ഭാഗമായി കർഷകരുമായി ചേർന്ന് പ്രവർത്തിക്കുന്ന നെസ്ലെ അഗ്രോണമിസ്റ്റുകളുമായുള്ള ബന്ധവും ഈ ക്യാമ്പയിൻ എടുത്തു കാണിക്കുന്നു.

2012ൽ ഇന്ത്യയിൽ അവതരിപ്പിച്ച് നെസ്കഫേ പ്ലാൻ കാപ്പിക്കും അപ്പുറമുള്ള പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. കാപ്പി കൃഷിയിടങ്ങളിൽ നല്ല കാർഷിക രീതികൾ വികസിപ്പിക്കുകയും പിന്തുടരുകയും ചെയ്യുക, കൃഷിയിടങ്ങളുടെ സുസ്ഥിര പരിപാലനം, കാപ്പി ഫാമുകളിലെ ജൈവവൈവിധ്യം വർധിപ്പിക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്നതാണ് പദ്ധതി.

ഇന്ത്യയിൽ കാപ്പിയുടെ സുസ്ഥിര വളർച്ചയെ സഹായിക്കുന്നതിന് കാപ്പി കൃഷിയെക്കുറിച്ചുള്ള മൂല്യവത്തായ പാരമ്പര്യ അറിവുകളും ആധുനിക ശാസ്ത്രീയ രീതികളും ഇത് സമന്വയിപ്പിക്കുന്നു. നെസ്കഫേ പ്ലാനിന്റെ ഭാഗമായി കർണാടക, തമിഴ്നാട്, കേരളം എന്നിവിടങ്ങളിലെ 5000ത്തോളം കാപ്പി കർഷകരുമായി നെസ്ലെ ഇന്ത്യ ചേർന്ന് പ്രവർത്തിക്കുന്നുണ്ട്.

ക്യാമ്പയിനിന്റെ ഭാഗമായി നെസ്കഫെ പ്ലാനിന്റെ ഭാഗമായ കർണാടകയിലെ കാപ്പി കൃഷി മേഖലയിൽ നിന്നുള്ള അഞ്ച് കാപ്പി കർഷകരുടെ ചിത്രങ്ങൾ അടങ്ങിയ പുതിയ അഞ്ച് പാക്കുകൾ നെസ്കഫെ സൺറൈസ് പുറത്തിറക്കി.

ഈ പാക്കുകൾക്ക് പുറത്തുള്ള ക്യൂ.ആർ കോഡ് സ്കാൻ ചെയ്താൽ ഈ കർഷകരുടെ കഥകളും നെസ്ലെ ഇന്ത്യയുമായുള്ള അവരുടെ യാത്രയുംഅറിയാനാവും.

# കൊച്ചിയിൽ ട്രക്ക് ഉത്സവുമായി ടാറ്റാ മോട്ടാർസ്

**കൊച്ചി:** ടാറ്റ മോട്ടോർസ്, കൊച്ചിയിൽ ദേശ് കാ ട്രക്ക് ഉത്സവ് പരിപാടി സംഘടിപ്പിക്കുന്നു. ഇന്ന് കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ രാവിലെ 11 മുതൽ വൈകിട്ട് അഞ്ചുവരെ നടക്കുന്ന പരിപാടിയിലൂടെ ടാറ്റ മോട്ടോർസിന്റെ ഏറ്റവും പുതിയനിര ട്രക്കുകളും മറ്റ് മൂല്യ വർധിത സേവനങ്ങളും കൊച്ചിയിലെ ട്രക്കിംഗ് സമൂഹത്തിന് നേരിട്ട് മനസ്സിലാക്കുവാനും ഇവയെക്കുറിച്ച് കൂടുതൽ അറിയുവാനുമുള്ള അവസരം ലഭിക്കും. ടോട്ടൽ കോസ്റ്റ് ഓഫ് ഓണർഷിപ്പ് (ടിസിഒ) കുറഞ്ഞ തോതിലേക്കെത്തിക്കുകയും, ലാഭക്ഷമത ഉയർത്തുന്നതിയും ട്രക്ക് ഉപഭോക്താക്കളെ ശാക്തീകരിക്കുന്നതിനായി ലക്ഷ്യമിട്ടാണ് ടാറ്റ മോട്ടോർസിന്റെ ഈ പരിപാടി.

ഫ്ളീറ്റ് പെർഫോമൻസ് മെച്ചപ്പെടുത്തുവാനും, ഇന്ധന ക്ഷമത ഉയർത്തുവാനും, ലാഭം വർധിപ്പിക്കുന്നതിനുമായുള്ള മാർഗനിർദേശങ്ങൾ വിദഗ്ധരിൽ നിന്നും പരിപാടിയിൽ പങ്കെടുക്കുന്ന ഉപഭോക്താക്കൾക്ക് ലഭിക്കും. ടാറ്റ മോട്ടോർസിന്റെ ആഴത്തിലുള്ള വെഹിക്കിൾ ഡെമോൺസ്ട്രേഷനുകളും, സമഗ്രമായ വിൽപ്പനാനന്തര സേവനങ്ങളെക്കുറിച്ചും പരിപാടിയിൽ മനസ്സിലാക്കാം. വെഹിക്കിൾ മെയിന്റനൻസ് പ്രോഗ്രാം, ഫ്ളീറ്റ് മാനേജ്മെന്റ് സൊല്യൂഷൻസ്, ആന്വൽ മെയിന്റനൻസ് പാക്കേജുകൾ, സമ്പൂർണസേവ 2.0 പദ്ധതി മുഖേനയുള്ള 24x7 റോഡ് സൈഡ് അസിസ്റ്റൻസ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇതിന് പുറമേ, പങ്കാളിത്തത്തിനും ഉറച്ച പിന്തുണയ്ക്കും പ്രധാന ഉപഭോക്താക്കളെ കമ്പനി ആദരിക്കും.

ഏറ്റവും നൂതനമായ ഡിജിറ്റൽ സൊല്യൂഷനുകളുമായി ഉപഭോക്താക്കളോട് നേരിട്ട് സംവദിക്കുവാനുള്ള അവസരമാണ് ദേശ് കാ ട്രക്ക് ഉത്സവ് വാഗ്ദാനം ചെയ്യുന്നതെന്ന് ടാറ്റ മോട്ടോർസ് കൊമേർഷ്യൽ വെഹിക്കിൾസ്, ട്രക്സ് വിഭാഗം വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ രാജേഷ്കൗൾ പറഞ്ഞു.



# ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പ്: ഫൈനൽ റൗണ്ടിന് സജ്ജരായി ഹോണ്ട ടീം

**കൊച്ചി:** ചെന്നൈയിലെ മദ്രാസ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടക്കുന്ന 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലന്റ് കപ്പിന്റെ ആവേശകരമായ അഞ്ചാം റൗണ്ടിന് സജ്ജരായി ഹോണ്ട റേസിങ് ഇന്ത്യ ടീം റൈഡർമാർ. റേസിങ് ട്രാക്കിൽ വാശിയേറിയ പോരാട്ടങ്ങൾ കണ്ട നാല് റൗണ്ടുകൾക്ക് ശേഷം മികച്ച തയാറെടുപ്പുകളുമായാണ് ഹോണ്ട റേസിങ് സീസണിലെ അന്തിമ മത്സരത്തിനെത്തുന്നത്. നാലാം റൗണ്ടിൽ മികച്ച പ്രകടനമാണ് ഹോണ്ട റേസിങ് ഇന്ത്യ റൈഡർമാർ നടത്തിയത്. എൻഎസ്എഫ്250ആർ ഓപ്പൺ ക്ലാസിൽ മലയാളി താരം മൊഹ്സിൻ പറമ്പനാണ് ഒന്നാമതെത്തിയത്. സമാനതകളില്ലാത്ത കൃത്യതയും, വേഗവുമാണ് മൊഹ്സിൻ പറമ്പനെ അജയ്യനാക്കിയത്.

മൊഹ്സിൻറെ തന്ത്രപരമായ പ്രകടനത്തിലും വലിയ വ്യത്യാസമില്ലാതെ ഫിനിഷിങ് ലൈനിൽ കുതിച്ചെത്തിയ പ്രകാശ് കാമത്ത് രണ്ടാം സ്ഥാനവും, സിദ്ധേഷ് സാവന്ത് മൂന്നാം സ്ഥാനവും നേടി. അവസാന റൗണ്ടിൽ 12 യുവ റൈഡർമാരാണ് മോട്ടോ 3 റേസ് മെഷീനുമായി ട്രാക്കിലിറങ്ങുക.

ചെന്നൈയിൽ നിന്നുള്ള പെൺതാരം ജഗതിശ്രീ കുമരേശനും രക്ഷിത എസ് ഡാവേയും എൻഎസ്എഫ്250ആർ വിഭാഗത്തിൽ മത്സരിക്കുന്നുണ്ട്. കഴിഞ്ഞ മാസങ്ങളിലായി ചെന്നൈ മദ്രാസ് ഇൻറർനാഷണൽ സർക്യൂട്ട് തന്നെയായിരുന്നു അവസാന നാല് റൗണ്ടുകളുടെയും വേദി.

# ആക്സിസ് ബാങ്കിന്റെ ദിൽ സേ ഓപ്പൺ സെലിബ്രേഷൻസ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക് ആകർഷകമായ ഡീലുകളും ഡിസ്കൗണ്ടുകളുമായി 'ദിൽ സേ ഓപ്പൺ സെലിബ്രേഷൻസ്' ഓഫർ അവതരിപ്പിച്ചു. ഇ കൊമേഴ്സ്, ലൈഫ് സ്റ്റൈൽ, ഇലക്ട്രോണിക്സ്, യാത്ര, ഡൈനിംഗ്, പലചരക്ക് തുടങ്ങിയ വിവിധ വിഭാഗങ്ങളിൽ ഈ ഓഫറുകൾ ലഭിക്കും. ഓഫറുകൾക്ക് പുറമെ ബാങ്കിന്റെ ഗ്രാബ് ഡീൽസ് പ്ലാറ്റ്ഫോം https://grabdeals.axis-bank.com വഴി 50ലധികം ജനപ്രിയ ബ്രാൻഡുകളിലും മുൻനിര ഇന്ത്യൻ ഇ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും അധിക ക്യാഷ്ബാക്കും ലഭിക്കും.

ആമസോൺ, ഫ്ലിപ്കാർട്ട്, മാക്സ്ഫാഷൻ, മിന്ത്ര, ടിറ, വെറോ മോഡ തുടങ്ങിയവയിലെ മുൻനിര ബ്രാൻ!ഡ് ഉൽപന്നങ്ങളിലും ഐഎഫ്ബി, മോട്ടറോള, റിലയൻസ് ഡിജിറ്റൽ, സാംസങ്, ഷവോമി തുടങ്ങിയ ഇലക്ട്രോണിക്സ് ബ്രാൻ!ഡുകളിലും 25 ശതമാനം വരെ കിഴിവ് ലഭിക്കുമെന്ന് ആക്സിസ് ബാങ്ക് കാർഡ്സ് ആൻഡ് പെയ്മെന്റ്സ് മേധാവിയും പ്രസിഡന്റുമായ സഞ്ജീവ് മോഗെ പറഞ്ഞു..ആഡംബര ലൈഫ് സ്റ്റൈൽ ബ്രാൻഡുകളായ കോച്ച്, ഹ്യൂഗോ ബോസ്, മൈക്കൽ കോർസ്, ടുമി എന്നിവയിലും ബ്ലിങ്കിറ്റ്, ഈസി ഡൈനർ, സ്വിഗ്ഗി എന്നിവയിലും 25 ശതമാനം വരെ കിഴിവുണ്ട്. അവധി ആഘോഷിക്കുന്നവർക്ക് ക്ലിയർട്രിപ്പ്, കാത്തേ പസഫിക്, മേക്ക് മൈ ട്രിപ്പ്, പേടിഎം ഫ്ളൈറ്റ്സ്, യാത്രാ തുടങ്ങിയവയിൽ ഇൻസ്റ്റൻറ് സേവിങ്സും ആകർഷകമായ ഇഎംഐ പ്ലാനുകളും ലഭ്യമാണ്.ആക്സിസ് ബാങ്ക് കാർ!ഡ് ഉടമകൾക്ക് ഫ്ലിപ്കാർട്ടിൽ നിന്നും ഉത്പ്പന്നങ്ങൾ വാങ്ങുമ്പോൾ അഞ്ച് ശതമാനം അധിക ക്യാഷ് ബാക്ക് ലഭിക്കും. ബാങ്കിൻറെ ഗ്രാബ് ഡീൽസ് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി 3000 രൂപ വരെ ക്യാഷ് ബാക്കും വാഗ്ദാനം ചെയ്യുന്ന ഈ ഓഫറുകൾ ഒക്ടോബർ 6 വരെ ലഭ്യമാണെന്നും സഞ്ജീവ് മോഗെ പറഞ്ഞു.

# ദേവ് ആക്സിലറേറ്റർ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി :** രണ്ടാം നിര നഗരങ്ങളിൽ സംരംഭകർക്ക് സമ്പൂർണ്ണ ബിൽറ്റ് ടു സ്യൂട്ട് മാനേജ്ഡ് ഓഫീസ് സൊല്യൂഷനുകൾ ലഭ്യമാക്കുന്ന ദേവ് ആക്സിലറേറ്റർ ലിമിറ്റഡ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു.വളർച്ചാ തന്ത്രത്തിൻറെ ഭാഗമായി, നിലവിലുള്ള വിപണികളിൽ തങ്ങളുടെ സാന്നിധ്യം വർദ്ധിപ്പിക്കാനും പുതിയ വിപണികളിൽ സാന്നിധ്യമുണ്ടാക്കാനും കമ്പനി ലക്ഷ്യമിടുന്നു. കമ്പനിയുടെ ഉപയോക്താക്കളിൽ വൻകിട കോർപ്പറേറ്റുകളും ബഹുരാഷ്ട്ര കമ്പനികളും എസ്എംഇകളും ഉൾപ്പെടുന്നു.പാൻറോമത്ത് ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ

# മാർവൽ യൂണിവേഴ്സുമായി കൈകോർത്ത് കൊക്കക്കോള

**കൊച്ചി:** ലിമിറ്റഡ് എഡിഷൻ പാക്കേജിംഗിൽ മാർവൽ ഹീറോകളുടെ ഇല്ല്യുസ്ട്രേഷനുകൾ ചേർത്ത് കൊക്കക്കോളയും മാർവലും പങ്കാളിത്തത്തിലേക്ക്. ഇതിന്റെ പരസ്യ ചിത്രവും പുറത്തിറക്കി. മാർവൽ യൂണിവേഴ്സിലെ 30ന് മുകളിൽ കഥാപാത്രങ്ങളുടെ ഇല്ല്യുസ്ട്രേഷനുകൾ ഈ പങ്കാളിത്തത്തിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. ആന്റ് മാൻ മുതൽ ക്യാപ്റ്റൻ അമേരിക്ക വരെ കൊക്കക്കോളയുടേയും കൊക്കക്കോള സീറോ ഷുഗർ ബോട്ടിലുകളിലും കാനുകളിലും വെള്ള, ചുവപ്പ്, കറുപ്പ് എന്നീ നിറങ്ങളിൽ കാണാം. ബോട്ടിലിലെ ക്യുആർ കോഡ് സ്കാൻ ചെയ്യുമ്പോൾ ഓഗ്മെന്റ് റിയാലിറ്റിയിലൂടെ എല്ലാ കഥാപാത്രങ്ങളുടേയും ആനിമേഷനും കാണാനാകും.

# ജിയോ ജീവനക്കാർ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി




**കൊച്ചി:** സ്വച്ഛതാ ഹി സേവാ മൂവ്മെന്റിന്റെ ഭാഗമായി റിലയൻസ് ജിയോ ജീവനക്കാർ കേരളത്തിലുടനീളം ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. 14 ജില്ലകളിലെ 45 കേന്ദ്രങ്ങളിലായി 1500 ൽ അധികം ജീവനക്കാർവിവിധ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ജിയോ കേരളം മേധാവി കെ സി നരേന്ദ്രൻ കൊച്ചിയിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങളുടെ ഉത്ഘാടനം നിർവഹിച്ചു. ഇന്ത്യയിലുടനീളം സെപ്റ്റംബർ 17 നാരംഭിച്ച് ഒക്ടോബർ 2 വരെ നീണ്ടു നിൽക്കുന്നതാണ് ഈ ആക്ടിവിറ്റി .




# അന്താരാഷ്ട്ര കലിഗ്രഫി ഫെസ്റ്റിവലിന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** കഴിഞ്ഞ വർഷം കൊച്ചിയിൽ തുടക്കമായ അന്താരാഷ്ട്ര കലിഗ്രഫി ഫെസ്റ്റിവലിന്റെ രണ്ടാം പതിപ്പ് സാംസ്കാരിക വകുപ്പുമന്ത്രി സജി ചെറിയാൻ കൊച്ചിയിലെ ദർബാർ ഹാൾ കലാകേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്തു. ടി ജെ വിനോദ് എംഎൽഎ അധ്യക്ഷനായ ചടങ്ങിൽ കലിഗ്രഫി പ്രദർശനം ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്തു. കാർട്ടൂണിസ്റ്റ് ഇ പി ഉണ്ണി മുഖ്യാതിഥിയായി. മാതൃഭൂമി പത്രാധിപർ മനോജ് കെ ദാസ്, ജെയിൻ യൂണിവേഴ്സിറ്റി ആർട്ട് ഡിസൈൻ ഡിപ്പാർട്ട്മെന്റ് അസി. പ്രൊഫ. ശ്രദ്ധ സുബ്രഹ്മണ്യൻ, കേരള ലളിതകലാ അക്കാദമി സെക്രട്ടറി എം ബാലമുരളീകൃഷ്ണൻ, കലിഗ്രഫർ അക്ഷയ തോംബ്രെ എന്നിവർ പ്രസംഗിച്ചു. കലിഗ്രഫി രംഗത്തെ ആഗോള പ്രതിഭകൾ പങ്കെടുക്കുന്ന ഫെസ്റ്റിവൽ ശനിയാഴ്ച വരെ നീണ്ടുനിൽക്കും. കേരള ലളിതകലാ അക്കാദമിയും മലയാളം കലിഗ്രഫിയെ ലോകപ്രശസ്തമാക്കിയ നാരായണ ഭട്ടതിരി നേതൃത്വത്തിൽ, തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കചടതപ ഫൗണ്ടേഷനും ചേർന്നാണ് ഈ അന്താരാഷ്ട്ര കാലിഗ്രഫി ഫെസ്റ്റിവലിൽ സംഘടിപ്പിക്കുന്നത്.മലയാളം, കന്നഡ, തെലുങ്ക്, ഗുജറാത്തി, ദേവനാഗരി, ഇംഗ്ലീഷ്, ഹിന്ദി, അറബിക്, ഉറുദു, ഹീബ്രൂ, വിയറ്റ്നാമീസ്, കൊറിയൻ എന്നീ കലിഗ്രഫികളുടെ സങ്കീർണതകളും സൗന്ദര്യവും അടുത്തറിയാനുള്ള അവസരമാണ് ഫെസ്റ്റിവലിൽ ലഭ്യമാവുകെയന്ന് നാരായണ ഭട്ടതിരി പറഞ്ഞു. ഫെസ്റ്റിവലിന്റെ ഭാഗമായി ശില്പശാലകൾ, സോദാഹരണപ്രഭാഷണങ്ങൾ, തത്സമയ ഡെമോകൾ, അന്താരാഷ്ട്ര കലിഗ്രഫി പ്രദർശനം എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.



# ഫുഡ് ആന്റ് ഹോസ്പിറ്റാലിറ്റി എക്സ്പോയ്ക്ക് തുടക്കമായി

**കൊച്ചി:** കേരളത്തിലെ തന്നെ ഏറ്റവും വലിയ ഫുഡ് ആന്റ് ഹോസ്പിറ്റാലിറ്റി എക്സ്പോയ്ക്ക് കലൂരിൽ തുടക്കമായി. ഒക്ടോബർ 5 വരെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം പരിസരത്താണ് പ്രദർശനം നടക്കുക. കേരളത്തിലെ ഹോട്ടൽ ആന്റ് റെസ്റ്റോറന്റ്, കാറ്ററിംഗ്, ബേക്കറി, ഫുഡ് പ്രൊസസിംഗ് മേഖലയിലെ സംരംഭകർക്കും, ഈ മേഖലയിലേക്ക് കടന്നു വരാനുദ്ദേശിക്കുന്നവർക്കും നവീനവും, ലളിതവുമായ യന്ത്ര സാമഗ്രികൾ, മികച്ച സാങ്കേതിക വിദ്യ, സോഫ്റ്റ്വെയറുകൾ, ആപ്പുകൾ, കൺസൾട്ടൻസി സംവിധാനം തുടങ്ങി മൂന്നു ദിവസം നീണ്ടു നിൽക്കുന്ന ബിടുബി പ്രദർശനമാണ് നടത്തപ്പെടുന്നത്. കേരള ഹോട്ടൽ ആന്റ് റെസ്റ്ററന്റ് അസോസിയേഷൻ (കെ.എച്ച്.ആർ.എ) സംസ്ഥാന പ്രസിഡന്റ് ജി ജയപാൽ, കേരള കാറ്ററിംഗ് അസോസിയേഷൻ (കെ.സി.എ) പ്രസിഡന്റ് പ്രിൻസ് ജോർജ് എന്നിവർ ചേർന്ന് പ്രദർശനം ഉദ്ഘാടനം ചെയ്തു.കേരളത്തിനകത്തും, പുറത്തു നിന്നുമായി അമ്പതിൽപരം കമ്പനികളാണ് ഭാഗമാകുന്നത്. കേന്ദ്ര മെക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രസസിന്റെ സഹകരണത്തോടെ ഒരുക്കുന്നത് തന്ത്ര മീഡിയ ഇവന്റ്സ് ആണ് എക്സ്പോ സംഘടിപ്പിക്കുന്നത്. രാവിലെ 10.30 മുതൽ വൈകുന്നേരം 6 മണി വരെ പൊതു ജനങ്ങൾക്ക് സൗജന്യ പ്രദർശനം ഉണ്ടാകും.

വയനാട് പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ഒരുക്കുന്ന ടൗൺഷിപ്പിനോട് ചേർന്ന് ഫുഡ് പ്രൊസസിംഗ് യൂണിറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വരുമാനം നഷ്ടമായ സ്ത്രീകൾക്കോ, കൂട്ടായ്മകൾക്കോ തികച്ചും സൗജന്യമായി സംരംഭം ആരംഭിക്കാനുള്ള മാർഗ നിർദ്ദേശങ്ങളും, യന്ത്രങ്ങളുടെ പ്രവർത്തനവും, ലാഭവിഹിതം ഒഴിവാക്കി സാമഗ്രികളും, പരിശീലനവും നൽകുമെന്ന് സംഘാടകർ അറിയിച്ചു. ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് മേളയുടെ സമാപന ദിവസം സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി പി രാജീവിന് സമർപ്പിക്കും. എക്സ്പോ ശനിയാഴ്ച അവസാനിക്കും.

# അവോക്കാഡോ; പുതിയ പഠനവുമായി ലോക അവോക്കാഡോ സംഘടന



**കൊച്ചി:** അവോക്കാഡോ സ്ഥിരമായി കഴിക്കുന്നത് ദഹനപ്രക്രിയയെ സുഗമമാക്കുകയും ആരോഗ്യകരമായ ബാക്ടീരിയകളുടെ സാന്നിധ്യം വർധിപ്പിക്കുകയും ചെയ്യുമെന്ന് ഡയറ്റീഷ്യനും പോഷകാഹാര വിദഗ്ധയുമായ റിമ റാവു പറയുന്നു.അവോക്കാഡോ ഭക്ഷണത്തിന്റെ ഭാഗമാക്കുക വഴി കുടലിന്റെ ആരോഗ്യം വർധിക്കുമെന്നും ദഹനസംബന്ധമായ പ്രശ്നങ്ങളെ ഒരു പരിധി വരെ ഇല്ലാതാക്കുമെന്നും ലോക അവോക്കാഡോ സംഘടന സമീപകാലത്ത് നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയിരുന്നു.രോഗപ്രതിരോധ സംവിധാനത്തിന്റെ 70% ത്തിലധികം കുടലിലാണുള്ളത്. അവോക്കാഡോയിലുള്ള ആരോഗ്യകരമായ ബാക്ടീരിയകൾ ദോഷകരമായ ബാക്ടീരിയകളെ പ്രതിരോധിക്കാൻ സഹായിക്കുന്ന വിറ്റാമിനുകൾ ഉൽപാദിപ്പിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു.ജേണൽ ഓഫ് ന്യൂട്രീഷൻ നടത്തിയ ഗവേഷണത്തിൽ അവോക്കാഡോയിൽ അടങ്ങിയിരിക്കുന്ന പോഷകങ്ങളുടെയും ആന്റിഓക്സിഡന്റുകളുടെയും എണ്ണവും അവയുടെ ബയോകെമിക്കൽ സാന്നിധ്യവും കുടലിന്റെ ആരോഗ്യം മെച്ചപ്പെടുത്തുകയും ദഹനത്തെ സഹായിക്കുകയും ചെയ്യുമെന്ന് കണ്ടെത്തിയിട്ടുണ്ട്. കുടലിന്റെ ആരോഗ്യത്തെ സംരക്ഷിക്കുന്ന വിവിധതരം പോഷകങ്ങളാൽ അവോക്കാഡോകൾ സമ്പന്നമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അവോക്കാഡോയിൽ കുടൽ നീര് കുറയ്ക്കാൻ സഹായിക്കുന്ന ആരോഗ്യകരമായ കൊഴുപ്പുകൾ അടങ്ങിയിട്ടുണ്ടെന്നും ഇതിൽ വിറ്റാമിൻ സി, വിറ്റാമിൻ ഇ, പൊട്ടാസ്യം എന്നിവയുൾപ്പെടെ നിരവധി വിറ്റാമിനുകളും ധാതുക്കളും ഉൾപ്പെടുന്നതായും ഈ പഠനങ്ങൾ വ്യക്തമാക്കുന്നു.അവോക്കാഡോയിൽ അടങ്ങിയിരിക്കുന്ന നാരുകൾക്ക് പ്രീബയോട്ടിക്കുകളായി (കുടലിലെ പ്രയോജനകരമായ ബാക്ടീരിയകൾക്കുള്ള ഭക്ഷണം) പ്രവർത്തിക്കാനും കുടലിന്റെ ആരോഗ്യം മെച്ചപ്പെടുത്താനും കഴിയും. അവോക്കാഡോ പോലുള്ള നാരുകളുള്ള ഭക്ഷണങ്ങൾ കഴിക്കുന്നത് ഹൃദ്രോഗം, ഹൃദയാഘാതം, ടൈപ്പ് 2 പ്രമേഹം, കുടൽ കാൻസർ എന്നിവയ്ക്കുള്ള സാധ്യത കുറയ്ക്കുമെന്നും പഠനം വ്യക്തമാക്കുന്നു.അവോക്കാഡോയെ നിത്യജീവിതത്തിൽ ഭക്ഷണത്തിന്റെ ഭാഗമാക്കുക വഴി ഈ പോഷകഗുണങ്ങൾ നേടാനാകുമെന്നും റിമ റാവു പറയുന്നു.

# ഓപ്പോ റെനോ 12 പ്രോ മനീഷ് മൽഹോത്ര ലിമിറ്റഡ് എഡിഷൻ അവതരിപ്പിക്കുന്നു




**കൊച്ചി:** ഓപ്പോ റെനോ 12 പ്രോ 5ജി മനീഷ് മൽഹോത്ര ലിമിറ്റഡ് എഡിഷൻ അവതരിപ്പിക്കുന്നു. മനീഷ് മൽഹോത്രയുടെ ആഗോള ശേഖരത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ഈ പ്രത്യേക പതിപ്പ്, 256 ജിബി സ്റ്റോറേജ് എന്നിവ സഹിതം 36,999 ഇന്ത്യൻ രൂപയ്ക്ക് ഒപ്പോ ഇസ്റ്റോർ, ഫ്ലിപ്കാർട്ട്, പ്രധാന ചില്ലറവിൽപ്പന ശാലകൾ എന്നിവിടങ്ങളിൽ ലഭ്യമാണെന്ന് അധികൃതർ അറിയിച്ചു

# വാസ്കുലർ സൊസൈറ്റി ഓഫ് കേരള: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കേരളത്തിലെ വാസ്കുലർ സർജന്മാരുടെ കൂട്ടായ്മയായ വാസ്കുലർ സൊസൈറ്റി ഓഫ് കേരളയുടെ (വാസ്ക്) പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. കോഴിക്കോട് സ്റ്റാർകെയർ ഹോസ്പിറ്റലിലെ ഡോ. സുനിൽ രാജേന്ദ്രൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. തൃശൂർ, അമല ഹോസ്പിറ്റലിലെ, ഡോ. രാജേഷ് ആന്റോ സെക്രട്ടറിയായും, കൊച്ചി അമൃത ഹോസ്പിറ്റലിലെ ഡോ. സിദ്ധാർത്ഥ് വിശ്വനാഥൻ ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു.




# പൾമോകോൺ സിൽവർ 2024ന് ഇന്ന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** അക്കാദമി ഓഫ് പൾമണറി ആൻഡ് ക്രിട്ടിക്കൽ കെയർ മെഡിസിന്റെ (എ.പി.സി.സി.എം) രജത ജൂബിലിയുടെ ഭാഗമായി എണ്ണൂറിലധികം ശ്വാസകോശ രോഗ വിദഗ്ധർ പങ്കെടുക്കുന്ന 'പൾമോകോൺ സിൽവർ 2024' സമ്മേളനം ഇന്ന് മുതൽ 6 വരെ കൊച്ചി ഐ.എം.എ ഹൗസിൽ നടക്കും. നാളെ രാവിലെ 10:30 ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്യും.

സമ്മേളനത്തിന് മുന്നോടിയായി ഇന്ന് ഐ.എം.എ ഹൗസ്, ആസ്റ്റർ മെഡ്സിറ്റി, അമൃത ഹോസ്പിറ്റൽ, ലിസി ഹോസ്പിറ്റൽ എന്നിവടങ്ങളിൽ ഒരുക്കിയ വേദികളിൽ ഒമ്പത് സ്കിൽ ലാബുകൾ നടക്കും. അലർജി, ഇമ്മ്യൂണോളജി, അസിസ്റ്റഡ് വെന്റിലേഷൻ, ബ്രോങ്കോസ്കോപ്പി, പൾമണറി ഇമേജിംഗ്, തൊറാസിക് അൾട്രാസൗണ്ട് എന്നിവ ഉൾക്കൊള്ളുന്നതാണ് സ്കിൽ ലാബുകളെന്ന് ഓർഗനൈസേഷൻ ചെയർമാൻ ഡോ. സണ്ണി പി.ഓരത്തേൽ, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. കെ. മധുകുമാർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.പൾമണോളജിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പങ്ക് എന്നിവയടങ്ങുന്ന പാനൽ ചർച്ചകളും ഇന്ന് സംഘടിപ്പിക്കുന്നുണ്ട്.രണ്ട് സമാന്തര ട്രാക്കുകളിലാണ് രണ്ടു ദിവസത്തെ ശാസ്ത്ര പരിപാടികൾ നടക്കുക. ശ്വാസകോശാരോഗ്യം, വിട്ടുമാറാത്ത ശ്വാസകോശ രോഗങ്ങൾ, വായുവിന്റെ ഗുണനിലവാരം, ജീവൻ അപകടപ്പെടുത്തുന്ന ശ്വാസകോശാവസ്ഥകൾ എന്നിവയിൽ സുപ്രധാന ചർച്ചകൾ നടക്കും. ശ്വാസകോശത്തിലെ അണുബാധ, സി.ഒ.പി.ഡി വാക്സിനേഷൻ തുടങ്ങി ഇന്റർവെൻഷണൽ പൾമണോളജി, സ്ലീപ് ഡിസോർഡേഴ്സ് വരെയുള്ള വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്നതാണ് ശാസ്ത്ര സെഷനുകൾ. ക്ലിനിക്കൽ മെഡിസിനിലെ നൂതന ഗവേഷണങ്ങൾ, ക്ലിനിക്കൽ പ്രാക്ടീസ് മാർഗ്ഗരേഖകൾ എന്നിവയ്ക്കായി പ്രത്യേക സെഷനുകളും ഉണ്ടാവും.കൊച്ചിൻ തൊറാസിക് സൊസൈറ്റിയുടെ പിന്തുണയോടെ നടക്കുന്ന സമ്മേളനത്തിൽ അമ്പതോളം വിദഗ്ദ്ധർ പ്രധാന സെഷനുകൾക്ക് നേതൃത്വം നൽകും. ഇന്ത്യയിലും വിദേശത്തുനിന്നുമായി എണ്ണൂറിലധികം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്. ഡോ.ടിങ്കു ജോസഫ്, ഡോ.സുബിൻ അഹമ്മദ്, ഡോ.എം. ജെ.തോമസ്, ഡോ. മുഹമ്മദ് സലിം, കൊച്ചിൻ തൊറാസിക് സൊസൈറ്റി പ്രസിഡന്റ് ഡോ. പ്രവീൺ വത്സലൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ഏഴു കോടി രൂപയുടെ വികസന പദ്ധതിയുമായി പീക്ക്എയർ

**കൊച്ചി:** സ്മാർട്ട്സിറ്റി കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഇന്റർനെറ്റ് സേവനദാതാവായ (ഐഎസ്പി) പീക്ക്എയർ സംസ്ഥാനത്ത് വൻകിട വികസനപദ്ധതി നടപ്പാക്കുന്നു. ഹൈസ്പീഡ് ഇന്റർനെറ്റ് കണക്റ്റിവിറ്റി, ബിസിനസ് ഉപയോക്താക്കൾക്കുള്ള എന്റർപ്രൈസ് നെറ്റ്വർക്ക് സൊലൂഷനുകൾ എന്നീ മേഖലകളിൽ പ്രവർത്തനം കേന്ദ്രീകരിക്കുന്ന പീക്ക്എയർ കേരളത്തിലെ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് സേവനം വ്യാപിപ്പിക്കുന്ന പദ്ധതിയാണ് നടപ്പാക്കുന്നത്.

പുതിയ ഫൈബർ ഒപ്റ്റിക് നെറ്റ്വർക്കുകളുടെ വിന്യാസം, നൂതന സാങ്കേതികവിദ്യകൾ നടപ്പാക്കൽ എന്നിവയാണ് വികസനങ്ങളുടെ പ്രധാനഭാഗമെന്ന് പീക്ക്എയർ സിഇഒ ജിജോ ഡേവിഡ് പറഞ്ഞു. പീക്ക്എയറിനെ പ്രശസ്തമാക്കിയ 99.9% അപ്ടൈം, മികച്ച വിൽപ്പനാനന്തരസേവനം എന്നിവ തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കു കൂടി ഇതോടെ ലഭ്യമാക്കും.വികസനത്തിന്റെ ഭാഗമായി ഈ രംഗത്തെ ചെറുകിട ഐഎസ്പികളെ ഏറ്റെടുക്കാനും പരിപാടിയുണ്ടെന്ന് പീക്ക്എയറിലെ പ്രധാന നിക്ഷേപകരായ സുനിൽ മാമ്പിള്ളിയും ജോർജ് തോമസും പറഞ്ഞു. അടുത്ത സാമ്പത്തികവർഷത്തോടെ വരുമാനം മൂന്നിരട്ടിയാക്കാനാണ് ലക്ഷ്യം.ഇതോടെ കേരളത്തിലെ ബിസിനസ് സംരംഭങ്ങളുടെ ഡിജിറ്റൽവത്കരണത്തിന് സമ്പൂർണ പിന്തുണ നൽകാൻ പീക്ക്എയറിനാകുമെന്ന് ജനറൽ മാനേജർ ഡാജി തോമസ് പറഞ്ഞു.

# ഓൾ ടൈം പ്ലാസ്റ്റിക്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഓൾ ടൈം പ്ലാസ്റ്റിക്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.350 കോടി രൂപയുടെ പുതിയ ഇകിറ്റി ഓഹരികളും 52,50,000 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇൻറൻസീവ് ഫിസ്കൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, ഡിഎഎം ക്യാപിറ്റൽ അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.




# റേഞ്ച് റോവർ എസ് വി രൺതമ്പോർ എഡിഷൻ ഇന്ത്യൻ വിപണിയിൽ ഇറങ്ങി

**മുംബൈ:** റേഞ്ച് റോവറിന്റെ ആഡംബര വാഹന ശൃംഖലയിലെ ഏറ്റവും പുതിയ കാർ, റേഞ്ച് റോവർ എസ് വി രൺതമ്പോർ എഡിഷൻ ഇന്ത്യൻ വിപണിയിൽ പുറത്തിറക്കി. ദേശീയ മൃഗമായ കടുവയുടെ നിറത്തിലും രൂപത്തിലും നിന്ന് പ്രചോദനമുൾക്കൊണ്ടാണ് രൺതമ്പോർ രൂപകൽപന ചെയ്തിരിക്കുന്നത്. കടുവകളുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ രാജസ്ഥാനിലെ രൺതമ്പോർ ദേശീയോദ്യാനത്തിന്റെ പേരാണ് പുതിയ എഡിഷന് നൽകിയിരിക്കുന്നത്. കടുവകളുടെ നിറത്തിന് സമാനമായ കടും കറുപ്പും തിളക്കമുള്ള ചുവപ്പുമാണ് റേഞ്ച് റോവർ എസ് വി രൺതമ്പോർ എഡിഷനിൽ പുറത്തിറങ്ങുന്ന വാഹനത്തിനുള്ളത്. രൺതമ്പോർ എഡിഷന്റെ ഇന്റീരിയർ എസ് വി ബെസ്പോക്ക് ആഡംബരത്തിന്റെയും നിർമ്മാണ മികവിന്റെയും ഏറ്റവും മികച്ച ഉദാഹരണമാണ് കാരവേ, ലൈറ്റ് പെർലിനോ സെമിഅനിലൈൻ ലെതർ എന്നിവ ഏറ്റവും മനോഹരമായി കോൺട്രാസ്റ്റ് തുന്നൽ ഉപയോഗിച്ച് യോജിപ്പിച്ചിരിക്കുന്ന സീറ്റുകളാണ് മറ്റൊരു സവിശേഷത. നീളമുള്ള വീൽബേസ് റേഞ്ച് റോവർ എസ്വി രൺതമ്പോർ എഡിഷന്റെ പിൻഭാഗത്ത് പൂർണ്ണമായും ചാരിയിരിക്കാവുന്ന സീറ്റുകൾ സുഖകരമായ യാത്രാനുഭവം നൽകുന്നുവെന്ന് ജെഎൽആർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ രാജൻ അംബ പറഞ്ഞു.

